# സംയോജിത കൈത്തറി വികസന പദ്ധതി (IHDS)
# മാർഗ്ഗ നിർദ്ദേശങ്ങൾ

**1. ആമുഖം:-**

ഇൻഡ്യയിലെ ഏറ്റവും വലിയ രാമത്തെ തൊഴിൽ ദാതാവായ കൈത്തറി മേഖല, 65 ലക്ഷത്തോളം പേർക്ക് തൊഴിൽ നൽകുന്നു. ഈ മേഖല ഇൻഡ്യയിലെ കൈകൊുള്ള നെയ്ത്തിന്റെ പുരാതന സംസ്കാരത്തിന്റെ തുടർച്ചയെ പ്രതിനിധാനം ചെയ്യുകയും നെയ്ത്തു സമുദായങ്ങളുടെ സാമൂഹിക - സാംസ്കാരിക പാരമ്പര്യത്തെ പ്രതിഫലിപ്പിക്കുകയും ചെയ്യുന്നു. കൈത്തറി മേഖലയെ ഒരു പിടി നയങ്ങളിലൂടെയും പരിപാടികളിലൂടെയും പ്രോൽസാഹിപ്പിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും ചെയ്യുന്ന നയമാണ് ഭാരത സർക്കാർ പിൻതുടർന്നുകൊിരിക്കുന്നത്. ഭാരത സർക്കാരിന്റെ ഒൻപതും പത്തും പഞ്ചവത്സര പദ്ധതിയുടെ കാലയളവുകളിൽ അധികവും സഹകരണ സ്ഥാപനങ്ങൾ വഴിയും സംസ്ഥാനതല ഏജൻസികൾ വഴിയുമാണ് കൈത്തറി മേഖലയിൽ പദ്ധതി പ്രവർത്തനങ്ങൾ നടത്തിവന്നത്. എന്നിരുന്നാലും മൾട്ടി ഫൈബർ ഉടമ്പടിയുടെ അനന്തരം ഉായ സ്വതന്ത്ര വ്യാപാരാവസരങ്ങളുടെ പരിതസ്ഥിയിൽ, ദേശീയ-അന്തർ ദേശീയ വിപണിയിൽ ഉായ വർദ്ധിച്ചുവരുന്ന കിട മത്സരത്തിന്റെ സാഹചര്യത്തിൽ, ആഗോളവത്ക്കരണ പരി:സ്ഥിതികളുടെ വെല്ലുവിളികളെ ചെറുത്തു നിൽക്കുന്നതിന് കൈത്തറി നെയ്ത്തുകാരെ സജ്ജമാക്കുന്നതിന് കേന്ദ്രീകൃതവും എന്നാൽ ആരോഗ്യപരവും അയവുള്ളതുമായ ഒരു സമീപനം സ്വീകരിക്കേതിനുള്ള ആവശ്യം വർദ്ധിച്ചു വരുന്നതായി കാണുന്നു. കൂടാതെ വിപണിയുടെ മാറിവരുന്ന താല്പര്യങ്ങൾക്കനുസരിച്ച് വളർച്ചയുടെയും വൈവിദ്ധ്യത്തിന്റേയും ക്രമാനുഗതമായ പാത തെളിയിച്ചെടുക്കുന്നതിന് നെയ്ത്തുകാർക്ക് പ്രാപ്തി ലഭിക്കേതിനു കൂടിയുള്ള ആവശ്യവും മനസ്സിലാക്കുന്നു. തരംതിരിക്കപ്പെട്ട കൈത്തറി ക്ലസ്റ്ററുകൾക്ക് അകത്തും പുറത്തുമുള്ള കൈത്തറി നെയ്ത്തുകാരെ സംയോജിതവും സ്വയം നിയന്ത്രിതവും മത്സര ക്ഷമവുമായ സാമൂഹിക-സാമ്പത്തിക ഘടകമാക്കി മാറ്റുന്നതിനുള്ള ക്രമാനുഗത വികസനം സജ്ജമാക്കുന്നതിനുള്ള ഒരു ശ്രമമാണ് സംയോജിത കൈത്തറി വികസന പദ്ധതി (ഇന്റഗ്രേറ്റഡ് ഹാന്റ്‌ലൂം ഡെവലപ്മെന്റ് സ്കീം - ഐ.എച്ച്.ഡി.എസ്).

2. **സംയോജിത കൈത്തറി വികസന പദ്ധതി - ഒരു കേന്ദ്രാവിഷ്കൃത പദ്ധതി**

പതിനൊന്നാം പഞ്ചവത്സര പദ്ധതിയുടെ കാലയളവിൽ നടപ്പിലാക്കുന്നതിന് തയ്യാറാക്കിയിട്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ സംയോജിത കൈത്തറി വികസന പദ്ധതി, പത്താം പഞ്ചവത്സര പദ്ധതിയുടെ കാലഘട്ടത്തിൽ നടപ്പിലാക്കിയ നാലു പദ്ധതികളായ ദീൻദയാൽ ഹത്കാർഗ പ്രോത്സാഹൻ യോജന (ഡി.ഡി.എച്ച്.പി.വൈ), സംയോജിത കൈത്തറി പരിശീലന പരിപാടി (ഐ.എച്ച്.റ്റി.പി), സംയോജിത കൈത്തറി ക്ലസ്റ്റർ വികസന പദ്ധതി (ഐ.എച്ച്.സി.ഡി.എസ്)

പണിശാലയും വീടും പദ്ധതി(വർക്ക്ഷെഡ് - കം-ഹൗസിംഗ് സ്കീം) എന്നിവയുടെ അവശ്യഘടകങ്ങളെ ഭേദഗതികളോടെയോ അല്ലാതെയോ ലയിപ്പിച്ചു ചേർത്തതാണ്.

**3. ഈ പദ്ധതിയുടെ ഘടകങ്ങൾ**

ചുവടെച്ചേർക്കുന്ന നാല് ഘടകങ്ങളാണ് പദ്ധതിയ്ക്കുള്ളത്.

| ക്രമ നമ്പർ. | ഐ.എച്ച്.ഡി.എസ്.ന്റെ ഘടക പദ്ധതികൾ | സാമ്പത്തിക സഹായത്തിന് അർഹമാക്കുന്ന ഐ.എച്ച്.ഡി.എസ്.ന്റെ ഉപ ഘടകങ്ങൾ. |
|---|---|---|
| എ | ഒരു ക്ലസ്റ്ററിൽ മൂന്നുറിനും അഞ്ഞൂറിനും ഇടയ്ക്ക് കൈത്തറികളുള്ള ക്ലസ്റ്ററുകൾ | 1. അടിസ്ഥാന വിവര സർവ്വേ സൂഷ്മ - വിശകലന പഠനം, സ്വയം സഹായ സംഘങ്ങളുടെ രൂപീകരണം.<br>2. കൺസോർഷ്യങ്ങളുടെ രൂപീകരണം<br>3. നൂൽ ഡിപ്പോകൾ സ്ഥാപിക്കുന്നതിനുള്ള കോർപ്പസ് ഫ്.<br>4. ഡിസൈൻ വികസനത്തിനും ഉല്പന്ന വൈവിദ്ധ്യ വൽക്കരണത്തിനും<br>5. കോമൺഫെസിലിറ്റി സെന്റർ/ഡൈ ഹൗസ്.<br>6. പബ്ലിസിറ്റിയും മാർക്കറ്റിംഗും<br>7. പ്രോജക്ട് മാനേജ്മെന്റ് ചെലവ്<br>8. അടിസ്ഥാന-അവശ്യഘടകങ്ങൾ<br>9. കാര്യക്ഷമതാ വർദ്ധന<br>10. പണിശാലകളുടെ നിർമ്മാണം |
| ബി | തുടർച്ചയായുള്ള ഭൂ മേഖലാ പ്രദേശത്തെ ക്ലസ്റ്ററിനു പുറത്തുള്ള പദ്ധതി നിർവഹിക്കുന്നതിനായുള്ള ഗ്രൂപ്പ് സമീപനം | എ. അടിസ്ഥാന-അവശ്യഘടകങ്ങൾ<br>ബി. പണിശാലകളുടെ നിർമ്മാണം<br>സി. കാര്യക്ഷമതാ വർദ്ധന |
| സി | കൈത്തറി സംഘടനകൾക്കുള്ള ധനസഹായം | 1. മാർക്കറ്റിംഗ് ഇൻസന്റീവ്<br>2. കൈത്തറി സ്ഥാപനങ്ങളുടെ ശക്തിപ്പെടുത്തൽ |
| ഡി | മറ്റുള്ളവ | 1. നവീന ആശയങ്ങൾ<br>2. പദ്ധതിയുടെ പ്രചരണം, മോണിറ്ററിംഗ്, മേൽനോട്ടം, പരിശീലനം, മൂല്യനിർണ്ണയം. |

**4. പദ്ധതിയുടെ ലക്ഷ്യങ്ങൾ**

- തിരിഞ്ഞെടുക്കപ്പെട്ട ഒരു കൈത്തറി ക്സ്റ്ററിലുള്ള നെയ്ത്തുകാരുടെ കൂട്ടങ്ങളെ ഒരു ഉല്പാദക സംഘമായി രൂപം കൊള്ളിക്കുന്നതിന് ഊന്നൽ നൽകുക

- കൈതതറി നെയ്ത്തുകാരുടെ സംഘങ്ങൾക്ക് സ്വാശ്രയത്ത്വ മാർജ്ജിക്കുന്നതിന് സഹായം നൽകുക
- സഹകരണ മേഖലയ്ക്ക് അകത്തും പുറത്തുമുള്ള നെയ്ത്തുകാരെ ആകെ ഉൾപ്പെടുത്തുന്നതിനുള്ള ഒരു സമീപനം നടത്തുക.
- വിപണിയുടെ ആവശ്യങ്ങൾക്കനുസൃതമായ തരത്തിലുള്ള, ഗുണ മേന്മ വർദ്ധിപ്പിച്ചതും വൈവിദ്ധ്യ പൂർണ്ണവുമായ ഉല്പന്നങ്ങൾ നിർമ്മിച്ചെടുക്കുന്നതിനായി നെയ്ത്തുകാരുടെ/തൊഴിലാളികളുടെ കഴിവുകൾ വർദ്ധിപ്പിക്കുക.
- നെയ്ത്തുകാരുടെ ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനും ഗുണമേന്മയുള്ള ഉല്പന്നങ്ങൾ നിമ്മിച്ചെടുക്കുന്നതിനും സാഹചര്യമൊരുക്കുന്നതരത്തിലുള്ള അനുയോജ്യമായ തൊഴിൽ സ്ഥലം നൽകുക.
- വ്യവസായ സംരംഭകരെയും ഡിസൈനർമാരേയും പ്രൊഫഷണലുകളേയും ബന്ധപ്പെടുത്തിഉല്പാദനത്തിന്റെ ഡിസൈനിംഗും നിർവ്വഹണവും വിപണി കേന്ദ്രീകൃതമാക്കുക.
- ധനകാര്യസ്ഥാപനങ്ങളിൽ/ ബാങ്കുകളിൽ നിന്നും വായ്പാ ലഭ്യത സാധ്യമാക്കുക.
- നെയ്ത്തുകാർക്കിടയിലെ സഹകരണ വൽക്കരണം പ്രോത്സാപിഹിപ്പിക്കുക
- ഓരോ ക്ലസ്റ്ററിനും/ഗ്രൂപ്പിനും വേുന്ന അവശ്യഘടകങ്ങൾ ലഭ്യമാക്കുന്ന തരത്തിൽ ആരോഗ്യപരവും അയവുള്ളതുമായ ഇടപെടലുകൾ നടത്തുക.

## പാർട്ട് (എ)

### എ. ക്ലസ്റ്റർ വികസന പദ്ധതി (മുന്നൂറിനും അഞ്ഞൂറിനും ഇടയ്ക്ക് കൈത്തറികളുള്ള ക്ലസ്റ്ററുകൾക്കുള്ള ധനസഹായം)

ഓരോ ഗ്രൂപ്പുകൾക്കും സ്വയം പ്രാപ്തിയുള്ള ഒരു ദൃശ്യ അടിത്തറ ഉാകുന്ന തരത്തിലുള്ള നെയ്ത്തുകാരുടെ സമൂഹത്തെയാണ് ക്ലസ്റ്റർ വികസന സമീപനം ലക്ഷ്യമിടുന്നത്. ഓരോന്നിലും മുന്നൂറിനും അഞ്ഞൂറിനും ഇടയ്ക്ക് കൈത്തറികളുള്ള 625 ക്ലസ്റ്ററുകളാണ് 11-ാം പഞ്ചവത്സര പദ്ധതിയുടെ കാലയളവിനുള്ളിൽ നടപ്പിലാക്കുന്നത്. ഇത് 2006-07 വർഷത്തിൽ സൂക്ഷ്മ വിശകലന പഠനം പൂർത്തിയാക്കുകയും 2007-08 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതുമായ 100 ക്ലസ്റ്ററുകൾ ഉൾപ്പെടെയാണ്.

### (എ.1) ക്ലസ്റ്ററിന്റെ നിർവ്വചനം

കൈത്തറികൾ വൻതോതിൽ കേന്ദ്രീകരിക്കപ്പെട്ടിരിക്കുകയും വിപണിയുടെ ആവശ്യങ്ങൾക്കനുസരിച്ചുള്ള കൈത്തറി ഉല്പന്നങ്ങൾ നിർമ്മിക്കപ്പെടുകയും ചെയ്യുന്ന ഒരു പ്രദേശം എന്നതാണ് കൈത്തറി ക്ലസ്റ്ററിന്റെ നിർവചനം. ഇത് ഒരു ജില്ലയുടേയോ അഥവാ ഏറെ

ചേർന്നു കിടക്കുന്ന രു ജില്ലകളുടേയോ ഉള്ളിൽ വരുന്നതും ചേർന്നു കിടക്കുന്ന ര് റവന്യൂ ഡിവിഷനുകളിലെ/വില്ലേജുകളിലെ അടുത്തടുത്തുള്ള കൈത്തറികൾ ചേർന്നതുമായിരിക്കണം. തീരെ ചെറുതും മലകൾ നിറഞ്ഞതുമായ സംസ്ഥാനങ്ങളിൽ, അതായത് വില്ലേജുകളും സബ്ഡിവിഷനുകളും വളരെ ചെറുതായിട്ടുള്ള സംസ്ഥാനങ്ങളിൽ, ക്ലസ്റ്ററുകൾക്ക് അവശ്യം വേുന്ന തറികളുടെ ഏറ്റവും കുറഞ്ഞ എണ്ണം തികയുന്നതിനായി വില്ലേജുകളുടേയും സബ്ഡിവിഷനുകളുടെയും എണ്ണം കൂട്ടാവുന്നതാണ്. രാജ്യത്തിൽ പലയിടത്തും ക്ലസ്റ്ററുകളിലെ തറികളുടെ എണ്ണം ഈ പദ്ധതിയുടെ പരിധിയിൽ ആവശ്യമായ കൈത്തറികളുടെ എണ്ണത്തേക്കാൾ വളരെ അധികമാണെന്നിരിക്കിലും, ഈ പദ്ധതിയുടെ ഉദ്ദേശത്തിനായി 300 നും 500 നും ഇടയ്ക്ക് തറികൾ മാത്രം ഉൾക്കൊള്ളുന്ന തരത്തിൽ ക്ലസ്റ്ററുകൾ പരിമിതപ്പെടുത്തേ താണ്.

### (എ.2) അടിസ്ഥാന വിവര സർവ്വേ, സൂക്ഷ്മ വിശകലന പഠനം, ക്ലസ്റ്റർ വികസന എക്സിക്യൂട്ടീവ് (സി.ഡി.ഇ)

#### (എ.2.1) അടിസ്ഥാന വിവര സർവ്വേ

അടിസ്ഥാന വിവര സർവ്വേയ്ക്കായി ഓരോ ക്ലസ്റ്ററിലേയും പ്രവർത്തനക്ഷമമായ തറികളുടെ എണ്ണം, കൈത്തറികളുടെ ഇനം, നെയ്ത്തുകാരുടെ വർഗ്ഗീകരണം (പുരുഷൻ/ സ്ത്രീ - പട്ടികജാതി/ പട്ടികവർഗ്ഗം/ മറ്റുപിന്നോക്കം/ ന്യൂനപക്ഷം/ പൊതു/ തുടങ്ങിയവ) ഉപയോഗിക്കപ്പെടുന്ന നൂലിന്റെ ഇനം, ഉല്പന്നങ്ങളുടെ വൈവിദ്ധ്യം, നെയ്ത്തുകാരുടെ വരുമാനത്തിന്റെ ഏകദേശം രൂപം എന്നിവ ഉൾപ്പെടുന്ന ഒരു രേഖ തയ്യാറാക്കുന്നതിനായി ഓരോ നെയ്ത്തുകാരേയും സന്ദർശിക്കേതു്. അടിസ്ഥാന വിവര സർവ്വേയും സൂക്ഷ്മ വിശകലന പഠനവും നടത്തുന്ന സംഘടനയുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള ഒരു ഫോറം അനുബന്ധം എ1 ആയി നൽകിയിട്ടു്. ക്ലസ്റ്ററിലെ വ്യക്തിഗത നെയ്ത്തുകാരുടെ, അടിസ്ഥാന വിവര സർവ്വേയിലെ വിവരങ്ങളും ആവശ്യമുള്ള ധനസഹായത്തിന്റെ വിവരങ്ങളും അനുബന്ധം എ.2-ൽ ആണ്.

#### (എ.2.2) സൂക്ഷ്മ വിശകലന പഠനം

ക്ലസ്റ്ററിൽ നടപ്പിലാക്കുന്നതിനു സഹായകമായ കർമ്മ പദ്ധതിയുടെ ആദ്യ ചുവടാണ് ക്ലസ്റ്ററിലെ സൂക്ഷ്മ വിശകലനം. ഒരു ക്ലസ്റ്ററിലെ ശക്തികളും ദൗർബ്ബല്യങ്ങളും, പ്രത്യേകമായ പരിത:സ്ഥിതികൾ, കാര്യക്ഷമമായ ഉല്പാദനത്തിനു സഹായകമാക്കുന്ന തരത്തിൽ ഏറ്റെടുത്തു നടപ്പിലാക്കേുന്ന തന്ത്രങ്ങൾ എന്നിവ വേർതിരിച്ചറിയുന്നതിന് വിശകലന പഠനം സഹായിക്കുന്നു. ഒരു നിശ്ചിത കാലപരിധിയ്ക്കുള്ളിൽ എത്തിച്ചേരേ ലക്ഷ്യത്തിലേയ്ക്കും ഉാകേ ഉല്പാദനത്തിലേയ്ക്കും ഉള്ള തന്ത്രപരമായ ദിശാബോധം വിശകലന പഠനം വഴി ലഭ്യമാകുന്നു. ക്ലസ്റ്റർ നടത്തിപ്പുകാരുടെ ആത്മവിശ്വാസ നിർമ്മിതിയിലും ചിന്താശക്തിയിലും നിന്നാണ് കൃത്യമായ പ്രവർത്തന കേന്ദ്രം രൂപം കൊള്ളുന്നത്. സൂക്ഷ്മവിശകലന പരിശോധയുടെ ലക്ഷ്യങ്ങൾ എന്നത് (എ) ക്ലസ്റ്ററിൽ ഏറ്റെടുത്തു നടത്തുന്ന കൈത്തറികളുടെ നിലവിലുള്ള

അവസ്ഥയെക്കുറിച്ച് മനസ്സിലാക്കുകയും വിശകലനം ചെയ്യുകയും ചെയ്യുക. അതായത് പ്രവർത്തന രീതികൾ വിശകലനം ചെയ്യുക, ഉല്പാദന പ്രക്രിയകളുടെ സ്വഭാവം, ഉല്പന്നങ്ങളുടെ വിവരരേഖകൾ, ഉല്പന്നങ്ങളുടെ ഇനങ്ങളും വിപണി സാധ്യതകളും എന്നിവ തയ്യാറാക്കുക, (ബി) ക്ലസ്റ്ററിൽ നിലവിലുള്ള ശക്തികൾ, ദൗർബ്ബല്യങ്ങൾ, അവസരങ്ങൾ, ഭീഷണികൾ (എസ്.ഡബ്ളിയു.ഒ.റ്റി) എന്നിവയുടെ വിശകലനം (സി) മൂല്യശൃംഗലയിലുള്ള തടസ്സങ്ങളും വിള്ളലുകളും തിരിച്ചറിയുന്നതിനുള്ള വിശകലനം, (ഡി) കൈത്തറി ഉല്പാദകരുടെ പ്രാദേശിക സംഘടകളുടെ സാമൂഹികമായ/ സ്ഥാപനപരമായ വസ്തുതാ വിശകലനം, (ഇ) ക്ലസ്റ്റർ പ്രവർത്തിക്കുന്നയിടത്തെ സാമൂഹിക-സാമ്പത്തിക പരിത:സ്ഥിതി മനസ്സിലാക്കുക (എഫ്) ക്ലസ്റ്ററിന്റേയും വിപണിയുടേയും ശക്തിയും ഊർജ്ജവും നിലനിർത്തിക്കൊു പോകുന്ന തരത്തിലുള്ള കർമ്മ പദ്ധതിയുടെ ശുപാർശകൾ എന്നിവയാണ്. വിശകലന പരിശോധനയിലൂടെയുള്ള വിവരങ്ങളും കർമ്മ പദ്ധതിയും സമർപ്പിക്കേത് അനുബന്ധം എ3-ൽ ആണ്.

**(എ.2.3) ക്ലസ്റ്റർ വികസന എക്സിക്യൂട്ടീവ് (സി.ഡി.ഇ)**

ഓരോ ഇംപ്ലിമെന്റിംഗ് ഏജൻസിയും അതാതു ക്ലസ്റ്ററിനു വേി മാത്രമായി ഓരോ ക്ലസ്റ്റർ വികസന എക്സിക്യൂട്ടീവിനെ കത്തെി നിയമിക്കേതും അദ്ദേഹം തന്നാൽ ഏല്പിക്കപ്പെട്ടിരിക്കുന്ന ക്ലസ്റ്ററിലെ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ഉത്തരവാദിത്വം നിറവേറ്റുന്നതിനായി ക്ലസ്റ്ററിൽ നിലകൊള്ളേതുമാണ്. സൂക്ഷ്മ വിശകലന പഠനം നടത്തുക, പദ്ധതിരേഖ തയ്യാറാക്കുക, കർമ്മ പദ്ധതിയ്ക്കനുസൃതമായി പദ്ധതിയുടെ നടത്തിപ്പ് സമയബന്ധിതമായി നടപ്പിലാക്കുക, നെയ്ത്തുകാരുടെ സ്വയം സഹായ സംഘങ്ങൾ രൂപീകരിക്കുകയും അവയെ ബാങ്കുകളുമായി/ധനകാര്യസ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തുക, ഭരണപരമായ ചട്ടക്കൂടുകൾ ആവിഷ്ക്കരിക്കുക, ഗുണമേന്മയുള്ള നൂല്, ചായങ്ങൾ, രാസവസ്തുക്കൾ എന്നിവയുടെ ആവശ്യാനുസരണമുള്ള ലഭ്യതയ്ക്കായി ദേശീയ കൈത്തറി വികസന കോർപ്പറേഷനുമായി കൈത്തറി നെയ്ത്തുകാരെ ബന്ധപ്പെടുത്തുക എന്നിവ സി.ഡി.ഇ.യുടെ ഉത്തരവാദിത്വങ്ങളിൽപ്പെടുന്നു. ക്ലസ്റ്റർ നിരയിലെ അംഗങ്ങളെ ക്ലസ്റ്റർ വികസന പ്രക്രിയയിൽ അണിചേർക്കുന്നതിന്, സി.ഡി.ഇ.യുടെ പ്രവർത്തനങ്ങളെ സഹായിക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുന്നതിനുമായി ലക്ഷ്യമിട്ട് ക്ലസ്റ്റർതലത്തിൽ കൈത്തി-ടെക്സ്റ്റയിൽസ് ഡയറക്ടർ ചുമതലപ്പെടുത്തുന്ന, കൈത്തറി അസിസ്റ്റന്റ് ഡയറക്ടറുടെ അല്ലെങ്കിൽ കൈത്തറിയുമായി ബന്ധപ്പെട്ട ചുമതലകൾ വഹിക്കുന്ന മറ്റേതെങ്കിലും ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ നെയ്ത്തുകാർ, സ്വയം സഹായ സംഘങ്ങൾ, പ്രാഥമിക നെയ്ത്ത് സഹകരണ സംഘങ്ങൾ, കൈത്തറി വ്യാപാര സ്ഥാപനങ്ങൾ, കയറ്റുമതി, കയറ്റുമതി സഹായ സ്ഥാപനങ്ങൾ, ദേശീയ കാർഷിക- ഗ്രാമ വികസന ബാങ്ക് (നബാർഡ്), ബാങ്കുകൾ, സംസ്ഥാന സർക്കാർ ഏജൻസികൾ എന്നിവരുടെ പ്രതിനിധികളെ ഉൾപ്പെടുത്തി ഒരു ക്ലസ്റ്റർ ഡവലപ്മെന്റ് കോ-ഓർഡിനേഷൻ ഗ്രൂപ്പ് (സി.ഡി.സി.ജി) രൂപീകരിക്കേതാണ്.

**(എ.3) ക്ലസ്റ്റർ വികസനത്തിനായുള്ള ധന സഹായത്തിന് അർഹമായ ഇനങ്ങൾ**

മൂന്നുവർഷത്തെ കാലദൈർഘ്യമുള്ള ഓരോ ക്ലസ്റ്ററിന്റേയും പരമാവധി പദ്ധതിച്ചെലവ് 60.00 ലക്ഷം രൂപാ വരെയായിരിക്കും.

**(എ.3.1) ക്ലസ്റ്റർ വികനസം: അടിസ്ഥാന വിവര സർവ്വേയും സൂക്ഷവിശകലന പഠനവും സ്വയം സഹായ സംഘങ്ങളുടെ രൂപീകരണവും.**

പ്രത്യേകമായി ചുമതല നൽകപ്പെട്ട ഒരു ഇംപ്ലിമെന്റിംഗ് ഏജൻസി അടിസ്ഥാന വിവര സർവ്വേയും സൂക്ഷമ വിശകലന പഠനവും നടത്തുകയും വിവിധ തരത്തിലും തലത്തിലുമുള്ള അംഗങ്ങളുമായി ചർച്ച ചെയ്ത് രൂപീകരിച്ച ഒരു സമഗ്ര ക്ലസ്റ്റർ വികസന പദ്ധതി തയ്യാറാക്കുകയും ചെയ്ത, തിരഞ്ഞെടുക്കപ്പെട്ട ക്ലസ്റ്ററുകളിലാണ് ക്ലസ്റ്റർ വികസന സമീപനം സ്വീകരിക്കുന്നത് സ്വയം സഹായ സംഘങ്ങളുടെ രൂപീകരണവും ഈ സംഘങ്ങൾക്ക് വായ്പാ സൗകര്യം ലഭ്യമാക്കുന്നതിനായി ബാങ്കുകളുമായി ബന്ധപ്പെടുത്തലും ചെയ്യുന്ന ജോലിയും ഇംപ്ലിമെന്റിംഗ് ഏജൻസി നിർവ്വഹിക്കേതാണ്. ഓരോ ക്ള്സ്റ്ററിനും അടിസ്ഥാന വിവര സർവ്വേ, സൂക്ഷ വിശകലന പഠനം, സ്വയം സഹായ സംഘങ്ങളുടെ രൂപീകരണവും അവയുടെ പരിശീലനവും എന്നിവയ്ക്കായി 1,25,000/- രൂപയുടെ ഒറ്റത്തവണ ധന സഹായം നൽകുന്നു. സംസ്ഥാന സർക്കാർ ഇംപ്ലിമെന്റിംഗ് ഏജൻസിയാകുന്ന സന്ദർഭങ്ങളിൽ അടിസ്ഥാന വിവര സർവ്വേ, സൂക്ഷമ വിശകലന പഠനം, സ്വയം സഹായ സംഘങ്ങളുടെ രൂപീകരണം എന്നിവ സംസ്ഥാന സർക്കാർ തന്ന നിർവ്വഹിക്കുന്നതും, ഈ ആവശ്യത്തിനായി ധനസഹായം ലഭ്യമാക്കാതിരിക്കുന്നതുമാണ്.

**(എ 3.2) കൺസോർഷ്യത്തിന്റെ രൂപീകരണം**

നെയ്ത്തുകാരുമായി സംവദിക്കാനും ബന്ധപ്പെട്ട സ്ഥാപനങ്ങളായ ബാങ്കുകൾ/ധനകാര്യസ്ഥാപനങ്ങൾ, മാർക്കറ്റിംഗ് വിദഗ്ധർ, വിപണനക്കാർ, നിയമവിദ്ഗ്ധർ, സർക്കാർ മെഷനറികൾ, നെയ്ത്തുകാർ തുടങ്ങിയവരുമായി ബന്ധം സ്ഥാപിക്കുന്നതിനുമായി സ്വയം സഹായ സംഘങ്ങൾ, സഹകരണ സംഘങ്ങൾ, മാസ്റ്റർ വീവർമാർ, സ്വകാര്യ സംരംഭകർ, സർക്കാരിതര സംഘടനകൾ എന്നിവയുടെ അംഗങ്ങൾ ഉൾപ്പെടുന്നതാണ് കൺസോർഷ്യം.

ഈ ആവശ്യത്തിലേയ്ക്ക് യോഗങ്ങൾ വിളിച്ചു കൂട്ടുക, സ്റ്റേഷനറി സാധനങ്ങൾ വാങ്ങുക, മേഖലയിലെ സന്ദർശനം, പ്രവർത്തന-ബോധവൽക്കരണ പരിശീലനം, കൺസോർഷ്യത്തിന്റെ ബോധവൽക്കരണ പരിലശീലനം, കൺസോർഷ്യത്തിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് നിയമ വിദഗ്ധരുടെ തൊഴിൽ മേഖല വികസിപ്പിക്കുന്നതിനായി മറ്റു പ്രൊഫഷണലുകളുടെയും സേവനം ലഭ്യമാക്കുക എന്നീ ആവശ്യങ്ങൾക്കായി 50,000/- രൂപയുടെ ഒറ്റത്തവണ ധനസഹായം ഓരോ ക്ലസ്റ്ററിനും ലഭ്യാക്കുന്നു. ഇത് ഒരു ക്ലസ്റ്ററിന് ഒരു പ്രാവശ്യം മാത്രം 100% കേന്ദ്ര ഗ്രാന്റ് ആയി നൽകുന്നു. മൂന്നാം വർഷത്തിലും അതിനുശേഷവും ക്ലസ്റ്ററിന്റെ പ്രവർത്തനങ്ങൾ പൂർണ്ണമായും കൺസോർഷ്യം ഏറ്റെടുക്കുകയും അതിനുശേഷം സ്വയം പ്രാപ്തമായ രീതിയിൽ നടത്തിക്കൊു പോവുകയും ചെയ്യുന്നു.

**(എ.3.3) നൂൽ ഡിപ്പോകൾ സ്ഥാപിക്കുന്നതിനുള്ള കോർപ്പസ് ഫ്.**

നിലവിൽ ദേശീയ കൈത്തറി വികസന കോർപ്പറേഷനിൽ നിന്നും നൂൽ ലഭ്യമാകണമെങ്കിൽ നെയ്ത്തുകാരൻ/ ഏജൻസി മുൻകൂറായി കോർപ്പറേഷന് തുക നൽകേ തും നൂൽ ലഭ്യമാകുന്നതിന് 3 - 4 ആഴ്ചത്തെ കാലദൈർഘ്യം എടുക്കുന്നതുമാണ്. ഇത് ഉല്പാദന പ്രക്രിയയ്ക്ക് താമസംവരുത്തുന്നു ആയതിനാൽ മുന്നൂറു മുതൽ അഞ്ഞൂറുവരെ തറികൾക്ക് ഓരോ മാസവും ആവശ്യമുള്ള നൂലിന്റെ സ്ഥിരമായ ലഭ്യത ഉറപ്പുവരുത്തിക്കൊ് ക്ലസ്റ്ററിൽസ്ഥാപിക്കുന്ന ഒരു നൂൽഡിപ്പോ വഴി നെയ്ത്തുകാർക്ക് നൂൽ എത്തിക്കുന്നതിനായി 3 ലക്ഷം രൂപ കോർപ്പസ് ഫ് ആയി ദേശീയ കൈത്തറി വികസന കോർപ്പറേഷന് ഒറ്റത്തവണ ധന സഹായമായി നൽകുന്നു. നെയ്ത്തുകാർക്ക് ഈ ഡിപ്പോയിൽ നിന്ന് നൂല് വിലകൊടുത്തു വാങ്ങാവുന്നതാണ്.

**(എ.3.4) ഡിസൈൻ വികസനവും ഉല്പന്ന വൈവിദ്ധ്യവൽക്കരണവും.**

കമ്പ്യൂട്ടർ അധിഷ്ഠിത ടെക്സ്റ്റൈൽ ഡിസൈൻ സമ്പ്രദായം (**CATD**), ഉല്പന്നങ്ങളുടെ വരാൻ പോകുന്ന ട്രെൻഡുകൾ, വർണ്ണങ്ങൾ, എന്നിവ മുൻകൂട്ടി മനസ്സിലാക്കുക തുടങ്ങിയ ആവശ്യങ്ങൾക്കായി 3 ലക്ഷം രൂപയുടെ ഒറ്റത്തവണ ധനസഹായം നൽകുന്നു. ഈ തുകയുടെ പകുതി കേന്ദ്ര സർക്കാരും മറ്റേ പകുതി സംസ്ഥാന സർക്കാർ/ ഗുണഭോക്താവ്/ ഇംപ്ലിമെന്റിംഗ് ഏജൻസിയും വഹിക്കേതാണ്. മതിയായ യോഗ്യതയുള്ള ഒരു ഡിസൈനറെ മൂന്നുവർഷം നീു നിൽക്കുന്ന ഒരു കാലാവധിയിലേക്ക് ഏർപ്പെടുത്തുന്നതിന് 6 ലക്ഷം രൂപാ വരെ ധനസഹായം നൽകുന്നു. ഈ തുക പൂർണ്ണമായും കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമാകുന്നതാണ്,

**(എ.3.5) കോമൺഫെസിലിറ്റി സെന്റർ/ഡൈ ഹൗസ്**

ജല ശുദ്ധീകരണ പ്ലാന്റ്, പുറന്തള്ളപ്പെടുന്ന മലിനജലം ശുദ്ധീകരിക്കുന്നതിനുള്ള പ്ലാന്റ്, പ്രീലൂം - പോസ്റ്റ്ലൂം, പോസ്റ്റ്ലൂം പ്രവർത്തനങ്ങൾ, ക്വാളിറ്റി കൺട്രോളിംഗ് ലബോറട്ടറി, പ്രദർശന - സജ്ജീകരണഹാൾ/ കമ്മിറ്റി റൂം/ പൊതു പണിശാല എന്നിവയെ ഉൾപ്പെടുത്തിക്കൊ് ഒരു കോമൺഫെസിലിറ്റി സെന്റർ സ്ഥാപിക്കുന്നതിന് ഒറ്റത്തവണ ധനസഹായം നൽകുന്നു. ഇതിന് കേന്ദ്ര സർക്കാർ 100% തുക നൽകുന്നു. കോമൺ ഫെസിലിറ്റി സെന്ററിന്റെ ഭാഗമായി ചായം പൂശൽശാല ആവശ്യമുങ്കെിൽ ഒരു പൊതു - സ്വകാര്യ പങ്കാളിത്ത രീതിയിൽ വികസിപ്പിക്കാവുന്നതും, എന്നാൽ ഇതിനാവശ്യമായ തുകയുടെ 20% സംസ്ഥാന സർക്കാർ/ സംരഭകർ/ ഏജൻസി/ കൺസോർഷ്യം ചെലവാക്കേതും ബാക്കി 80% തുക കേന്ദ്ര സർക്കാർ ഗ്രാന്റ് ആയി നൽകുന്നതുമാണ്. പുതുതായി ചായം മുക്കൽ കേന്ദ്രം തുടങ്ങേ ആവശ്യമില്ലെന്നും നിലവിലുള്ളത് വികസിപ്പിച്ചെടുത്താൽ മതിയെന്നും തോന്നുന്ന സാഹചര്യത്തിൽ അതും ധനസഹായത്തിനായി പരിഗണിക്കപ്പെടുന്നതാണ്.

കോമൺഫെസിലിറ്റി സെന്റർ/ ഡൈഹൗസ്/ സ്ഥാപിക്കുന്നതിന് ഒരു പ്രോജക്ട് റിപ്പോർട്ട് സംസ്ഥാന സർക്കാർ മുഖേന ഇംപ്ലിമെന്റിംഗ് ഏജൻസി സമർപ്പിക്കേതാണ്. ഈ പ്രോജക്ട് റിപ്പോർട്ട് പരിശോധിച്ച് അതിന്റെപ്രയോജന ക്ഷമതയും സമീപ പ്രദേശങ്ങളിൽ ഇത്തരം സൗകര്യങ്ങളുടെ ലഭ്യതയും പരിശോധിച്ചതിന്റ അടിസ്ഥാനത്തിൽ ഡവലപ്മെന്റ് കമ്മീഷണർ (ഹാന്റ്ലൂംസ്) ന്റെ

നേതൃത്വത്തിലുള്ള ഒരുകമ്മിറ്റി അംഗീകാരം നൽകുന്നു. കോമൺ ഫെസിലിറ്റി സെന്റർ/ ഡൈഹൗസ് സ്ഥാപിക്കുന്നതിനുള്ള ധനസഹായ പരിധി 30 ലക്ഷം രൂപയാണ്. വലിയ ക്ലസ്റ്ററുകൾക്ക് മാത്രമേ ആവശ്യമെങ്കിൽ ഡൈഹൗസ് സ്ഥാപിക്കുകയുള്ളൂ.

**(എ.3.6) പ്രചരണവും വിപണനവും**

ഇന്ത്യയ്ക്കകത്തും വിദേശത്തും കൈത്തറിയെ എടുത്തു കാട്ടുകയും അതുല്യമായ കൈത്തറി ഉല്പന്നങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനുമായി പ്രചരണം നടത്തുന്നതിനും വിപണി വികസിപ്പിക്കുന്നതിനുമായി അർഹമായ സ്ഥാപനങ്ങൾക്ക് ധനസഹായം നൽകുന്നു. പരസ്യം നൽകുന്നതിനും ബോഷറുകൾ, ക്യാറ്റലോഗുകൾ എന്നിവ പ്രിന്റു ചെയ്യുന്നതിനും, വിപണി ഗവേഷണം, വിപണി സർവ്വെ, ബയർസെല്ലർ മീറ്റുകൾ, മറ്റു ക്ലസ്റ്ററുകളിലേയ്ക്കുള്ള പഠനയാത്രകൾ, ബോധവൽക്കരണ പരിപാടികൾ എന്നിവയ്ക്കുള്ള ചെലവുകളും ഇതിൽ ഉൾപ്പെടുന്നു. ഈയിനത്തിലുള്ള ധനസഹായത്തിന്റെ 75 ശതമാനം കേന്ദ്രസർക്കാരും 25% സംസ്ഥാന സർക്കാർ / ഇംപ്ലിമെന്റിംഗ് ഏജൻസി/ ഗുണഭോക്താക്കൾ വഹിക്കേതാണ്. വിശദവിവരം ചുവടെക്കാണുന്നു.

1. മൂന്നു വർഷത്തെ കാലയളവിലേക്കുള്ള പരസ്യച്ചെലവുകൾക്കും ബ്രോഷറുകൾ, ക്യാറ്റലോഗുകൾ എന്നിവ അച്ചടിക്കുന്നതിനും 50,000/- രൂപാ. ഇതിൽ കേന്ദ്ര സർക്കാർ 75ശതമാനവും കേരള സർക്കാർ അല്ലെങ്കിൽ ഇംപ്ലിമെന്റിംഗ് ഏജൻസി അല്ലെങ്കിൽ ഗുണഭോക്താവ് 25 ശതമാനവും വിഹിതം നൽകുന്നതാണ്.
2. മൂന്നുവർഷകാലയളവിൽ മൂന്നു പ്രദർശനങ്ങൾ/ മേളകൾ സംഘടിപ്പിക്കുന്നതിനോ ഇതിൽ പങ്കെടുക്കുന്നതിനോ 6 ലക്ഷം രൂപാ ധനസഹായം നൽകുന്നു. ഇതിൽ കേന്ദ്രസർക്കാർ 75 ശതമാനം വിഹിതവും സംസ്ഥാന സർക്കാർ/ ഇംപ്ലിമെന്റിംഗ് ഏജൻസി/ ഗുണഭോക്താക്കൾ 25 ശതമാനം വിഹിതം നൽകുന്നു.
3. മൂന്നുവർഷകാലയളവിൽ ആറ് ബയർ - സെല്ലർ മീറ്റുകൾ സംഘടിപ്പിക്കുന്നതിനോ അതിൽ പങ്കെടുക്കുന്നതിനോ 3 ലക്ഷം രൂപാ ധനസഹായം ചെയ്യുന്നു. ഇതിൽ 75% കേന്ദ്രസർക്കാർ നൽകുന്നു. 25% സംസ്ഥാന സർക്കാർ/ ഇംപ്ലിമെന്റിംഗ്ഏജൻസി/ ഗുണഭോക്താക്കൾ നൽകുന്നു.
4. വിപണിയുടെ ട്രെൻഡുകൾ മനസ്സിലാക്കുന്നതിനുതകുന്ന മാർക്കറ്റ് സർവ്വേ/മാർക്കറ്റ് പരിജ്ഞാനം ആർജ്ജിക്കൽ എന്നിവയ്ക്ക് ഒരു ലക്ഷം രൂപയുടെ ഒറ്റത്തവണ ധനസഹായം നൽകുന്നു. ഇതിന്റെ 75% കേന്ദ്രസർക്കാർ വഹിക്കുന്നു. 25% സംസ്ഥാന സർക്കാർ/ ഇംപ്ലിമെന്റിംഗ്ഏജൻസി/ ഗുണഭോക്താക്കൾ വഹിക്കുന്നു.
5. പഠനത്തിനും അവബോധത്തിനുമായി മറ്റുള്ള ക്ലസ്റ്ററുകൾ സന്ദർശിക്കുന്ന നെയ്ത്തുകാർക്ക്, ഒരാൾക്ക് 3,000/- രൂപ എന്ന നിരക്കിൽ, മൂന്നു

വർഷകാലയളവിനുള്ളിൽ ഓരോ ക്ലസ്റ്ററിനും 3 ലക്ഷം രൂപയുടെ ധനസഹായം കേന്ദ്രസർക്കാർ നൽകുന്നു.

6. ക്ലസ്റ്ററിന്റേതായ വെബ്സൈറ്റ് ആരംഭിക്കുന്നതിനും വികസിപ്പിക്കുന്നതിനും 25,000/- രൂപയുടെ ഒറ്റത്തവണ ധനസഹായം കേന്ദ്രസർക്കാർ നൽകുന്നു.

പ്രചരണത്തിനും വിപണനത്തിനുമുള്ള പരമാവധി ധനസഹായം ആകെ പദ്ധതിച്ചെലവിന്റെ 20%ൽ അധികമാകാൻ പാടില്ല.

**(എ.3.7) പദ്ധതി നടത്തിപ്പ് ചെലവുകൾ**

പദ്ധതി നടത്തിപ്പു ചെലവുകൾക്കായി മൂന്നു വർഷത്തേക്ക് ഇംപ്ലിമെന്റിംഗ് ഏജൻസിക്ക് ഓരോ വർഷവും 2.40 ലക്ഷം രൂപാവരെ ധനസഹായം നൽകുന്നു. സംസ്ഥാന സർക്കാരോ അനുബന്ധസ്ഥാപനങ്ങളോ ആണ് ഇംപ്ലിമെന്റിംഗ് ഏജൻസി എങ്കിൽ പദ്ധതി നടത്തിപ്പ് ചെലവുകൾക്കായി പ്രതിവർഷം 25,000 രൂപാ മാത്രമേ ലഭിക്കുകയുള്ളൂ.

**300നും 500നും ഇടക്ക് തറികളുള്ള ക്ലസ്റ്ററുകളുടെ ഘടകങ്ങൾക്കുള്ളധനസഹായത്തിന്റെയും അനുപാതത്തിന്റേയും ലഘുവിവരപട്ടിക.**

| ക്രമ നം. | ഘടകങ്ങൾ | ഓരോ ക്ലസ്റ്ററിനുമുള്ള ധന സഹായം. | അനുപാതം കേന്ദ്രസർക്കാർ: സംസ്ഥാനസർാർ: ഇംപ്ലി.ഏജൻസി/ ഗുണഭോക്താവ് |
|---|---|---|---|
| 1. | അടിസ്ഥാനവിവരസർവ്വേ സൂക്ഷ്മ വിശകലന പഠനം, സ്വയം സഹായ സംഘങ്ങളുടെ രൂപീകരണം | 1.25 ലക്ഷം രൂപാ: ഒറ്റത്തവണ | 100% കേന്ദ്രസർക്കാർ |
| 2. | കൺസോർഷ്യം രൂപീകരണം | 50,000/-രൂപാ ഒറ്റത്തവണ | 100% കേന്ദ്രസർക്കാർ |
| 3. | നൂൽ ഡിപ്പോക്ക് കോർപ്പസ് ഫ് | 3.00ലക്ഷം രൂപാ | 100%കേന്ദ്രസർക്കാർ |
| 4. | ഡിസൈൻ വികസനവും ഉല്പന്നവൈവിദ്ധ്യ വൽക്കരണവും | കമ്പ്യൂട്ടർ സഹായ ടെക്സ്റ്റയിൽ ഡിസൈൻ സമ്പ്രദായം (ഇഅഠഉ)വാങ്ങുന്നതിനും ഉല്പന്നങ്ങളുടെ വരാൻ പോകുന്ന ട്രെൻഡുകൾ നിറകൂട്ടുകൾ എന്നിവ മുൻകൂട്ടി മനസ്സിക്കുന്നതിനും 3.00 രൂപാ ഒറ്റത്തവണയായി | 50:50 |

| | | | |
|---|---|---|---|
| | | ഡിസൈനറെ ഏർപ്പെടുത്തുന്നതിന് മൂന്നുവർഷത്തേക്ക് 6.00 ലക്ഷം രൂപാ | 100% കേന്ദ്രസർക്കാർ |
| 5. | കോമൺ ഫെസിലിറ്റിസെന്റർ ഡൈഹൗസ് (ആകെ പദ്ധതി ച്ചെലവിന്റെ 50%-ൽ അധികരിക്കാൻ പാടില്ല | 30.00 ലക്ഷം രൂപാ ഒറ്റത്തവണ. | കോമൺ ഫെസിലിറ്റി സെന്റർ-100% കേന്ദ്രസർക്കാർ ഡൈഹൗസ് -80:20 അനുപാദത്തിൽ കേന്ദ്രസർക്കാർ: സംസ്ഥാന സർക്കാർ/ ഇംപ്ലിമെന്റിംഗ് ഏജൻസി |
| 6. | പ്രചരണവും വിപണനവും (മൊത്തം പദ്ധതിച്ചെലവിന്റെ 20%ൽ അധികരിക്കാൻ പാടില്ല.) | പരസ്യത്തിനും,ബ്രോഷറും ക്യാറ്റലോഗും അച്ചടിക്കുന്നതിനും മൂന്നു വർഷത്തേക്ക് 50,000/- രൂപാ | 75:25 |
| | | മൂന്ന് പ്രദർശനങ്ങൾ/ മേളകൾക്ക് മൂന്നു വർഷകാലയളവിലേക്ക് 6.00 ലക്ഷം രൂപാ | 75:25 |
| | | ആറ് ബയർ - സെല്ലർ മീറ്റുകൾക്ക് - മൂന്ന് വർഷകാലവളവിലേക്ക് 3.00 ലക്ഷം രൂപ | 75:25 |
| | | മാർക്കറ്റ് സർവ്വേയും പരിജ്ഞാനമാർജ്ജിക്കുന്നതിനും ഒറ്റത്തവണവയായി 1.00 ലക്ഷം രൂപാ | 75:25 |
| | | പഠനസന്ദർശനത്തിനും ബോധവൽക്കരണ പ്രവർത്തനങ്ങൾക്കും ഓരോ നെയ്ത്തുകാർക്കും 3000/- രൂപാ നിരക്കിൽ മൂന്നുവർഷത്തേക്ക് 3.00 ലക്ഷം രൂപാ. | |
| | | വെബ്സൈറ്റ് തുടങ്ങുന്നതിനും 25,000/- രൂപാ ഒറ്റത്തവണ | 100% കേന്ദ്ര നിരക്കിസർക്കാർ |
| 7. | പദ്ധതി നടത്തിപ്പ് ചെലവ്*** | പ്രതിവർഷം 2.40 ലക്ഷം രൂപാ വീതം മൂന്നുവർഷകാലയളവിലേക്ക് ആകെ 7.20 ലക്ഷം രൂപാ | 100% കേന്ദ്രസർക്കാർ |

## കുറിപ്പുകൾ

(i) ★ സംസ്ഥാന സർക്കാർ ഇംപ്ലിമെന്റിംഗ് ഏജൻസിയാകുന്ന സാഹചര്യത്തിൽ അടിസ്ഥാന വിവര സർവ്വേ, സൂക്ഷ്മ വിശകലന പഠനം, സ്വയം സഹായ സംഘങ്ങളുടെ രൂപീകരണം

എന്നിവ സംസ്ഥാന സർക്കാർ ചെയ്യേതാണ്. ഇക്കാര്യത്തിൽ ധന സഹായം ലഭിക്കുന്നതല്ല.

(ii) ★★ ക്ലസ്റ്ററിൽ ഏർപ്പെടുത്തപ്പെടുന്ന ടെക്സ്റ്റൽ ഡിസൈനർക്ക് കുറഞ്ഞത് മൂന്നു വർഷത്തെ പ്രവൃത്തി പരിചയം ഉായിരിക്കണം. അദ്ദേഹം/ അവർ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി/ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ ബിരുദധാരിയായിരിക്കണം. മറ്റ് സ്ഥാപനങ്ങളിലെ ഡിസൈനർമാരെ ഏർപ്പെടുത്തുന്ന പക്ഷം ഡവലപ്മെന്റ് കമ്മീഷണർ (ഹാന്റ്ലൂം) ന്റെ മുൻകൂർ അനുവാദം വാങ്ങിയശേഷം മാത്രം നിയമിക്കേതും അദ്ദേഹത്തിന്റെ /അവരുടെ ബയോഡാറ്റ, പ്രൊപ്പോസലിനോടൊപ്പം ഡവലപ്മെന്റ് കമ്മീഷണറുടെ ഓഫീസിലേക്ക് അയക്കേതുമാണ്. കഴിയുന്നിടത്തോളം ഈ ഡിസൈനർ ക്ലസ്റ്ററിനു സമീപമുള്ളയാളോ സംസ്ഥാനത്തു തന്നെയുള്ള ആളോ ആയിരിക്കണം.

(iii) ★★★ സംസ്ഥാന സർക്കാരോ അനുബന്ധ ഓഫീസുകളോ ഇംപ്ലിമെന്റിംഗ് ഏജൻസികൾ ആകുന്ന പക്ഷം പ്രതിവർഷം 25,000/- രൂപാ മാത്രമേ പദ്ധതി നടത്തിപ്പു ചെലവിനത്തിൽ ലഭിക്കുകയുള്ളൂ.

**(എ 3-8) വ്യക്തിഗത നെയ്ത്തുകാർക്കുള്ള ധനസഹായം**

300നും 500നും ഇടയ്ക്ക് നെയ്ത്തുകാരുള്ള ക്ലസ്റ്ററുകളിലെ നെയ്ത്തുകാർക്ക് അടിസ്ഥാന അവശ്യഘടകങ്ങൾ, പണിപ്പുരയുടെ നിർമ്മാണം എന്നിവയ്ക്ക് വ്യക്തിഗത ധനസഹായവും ലഭ്യമാകുന്നതാണ്. എന്നാൽ ഈ രു ഘടകങ്ങൾക്കുമായി മാറ്റിവയ്ക്കാവുന്നതുക പരമാവധി പ്രോജക്ട് തുകയായ 60.00 ലക്ഷം രൂപയുടെ 25 ശതമാനത്തിൽ താഴെ നിൽക്കേതാണ് അഭികാമ്യം. വിശദവിവരം ചുവടെ.

**(എ. 3.8.1) അടിസ്ഥാന അവശ്യ ഘടകങ്ങൾ**

1. പ്രവർത്തന മൂലധനത്തിനായുള്ള മാർജിൻ മണി വായ്പ.

സ്വയം സഹായ സംഘങ്ങളിലൂടെയും സഹകരണസ്ഥാപനങ്ങളിലൂടെയും സംഘടിപ്പിക്കപ്പെടുന്ന നെയ്ത്തുകാർക്ക്, ആളൊന്നിന് 6,000/- രൂപാ നിരക്കിൽ മാർജിൻമണി അനുവദിക്കുന്നു. ഇതിന്റെ 70% കേന്ദ്രസർക്കാരും 20% സംസ്ഥാന സർക്കാരും 10% ഇംപ്ലിമെന്റിംഗ് ഏജൻസി/ഗുണഭോക്താവും പങ്കു വഹിക്കുന്നു.

2. പുതിയ തറികൾ

സ്വയം സഹായ സംഘങ്ങളിലൂടെയും സഹകരണ സ്ഥാപനങ്ങളിലൂടെയും സംഘടിപ്പിക്കപ്പെടുന്ന നെയ്ത്തുകാർക്ക് പുതിയ തറി വാങ്ങുന്നതിന് ആളൊന്നിന് 8000/- രൂപാ വീതം ധന സഹായം നൽകുന്നു. ഇതിന്റെ 70% കേന്ദ്ര സർക്കാരും 20% സംസ്ഥാന സർക്കാരും 10% ഇംപ്ലിമെന്റിംഗ് ഏജൻസി അല്ലെങ്കിൽ ഗുണഭോക്താവും പങ്കുവഹിക്കുന്നു.

3. ഡോബി

സ്വയം സഹായ സംഘങ്ങളിലൂടെയോ സഹകരണ പ്രസ്ഥാനങ്ങളിലൂടെയോ സംഘടിപ്പിക്കപ്പെടുന്ന നെയ്ത്തുകാർക്ക് ഡോബി വാങ്ങുന്നതിന് ആളൊന്നിന് 4000/- രൂപാ വീതം ധനസഹായം നൽകുന്നു. ഇതിന്റെ 70% കേന്ദ്രസർക്കാരും 20% സംസ്ഥാന സർക്കാരും 10% ഇംപ്ലിമെന്റിംഗ് ഏജൻസി/ ഗുണഭോക്താവ് പങ്കുവഹിക്കുന്നു.

4. ജക്കാർഡ്

സ്വയം സഹായ സംഘങ്ങളിലൂടെയോ സഹകരണ പ്രസ്ഥാനങ്ങളിലൂടെയോ സംഘടിപ്പിക്കപ്പെടുന്ന നെയ്ത്തുകാർക്ക് ജക്കാർഡ് വാങ്ങുന്നതിന് ആളൊന്നിന് 6000/- രൂപാ വീതം ധനസഹായം നൽകുന്നു. ഇതിന്റെ 70% കേന്ദ്രസർക്കാരും 20% സംസ്ഥാന സർക്കാരും 10% ഇംപ്ലിമെന്റിംഗ് ഏജൻസി/ ഗുണഭോക്താവും പങ്കു വഹിക്കുന്നു.

5. അക്സസറികൾ

സ്വയം സഹായ സംഘങ്ങളിലൂടെയോ സഹകരണ പ്രസ്ഥാനങ്ങളിലൂടെയോ സംഘടിപ്പിക്കപ്പെടുന്ന നെയ്ത്തുകാർക്ക് അക്സസറികൾ വാങ്ങുന്നതിന് ആളൊന്നിന് 2000/-രൂപാ വീതം ധനസഹായം നൽകുന്നു. ഇതിന്റെ 70% കേന്ദ്രസർക്കാരും 20% സംസ്ഥാന സർക്കാരും 10% ഇംപ്ലിമെന്റിംഗ് ഏജൻസി /ഗുണഭോക്താവും പങ്കു വഹിക്കുന്നു.

കുറിപ്പ്:- വടക്കുകിഴക്കൻ സംസ്ഥാനങ്ങൾ, സിക്കിം, ജമ്മു കാശ്മീർ, ഹിമാചൽപ്രദേശ്, ഉത്തരാഞ്ചൽ, ഛത്തീസ്ഗർ, ജാർഖണ്ഡ് തുടങ്ങിയ സംസ്ഥാനങ്ങളിലും അടിസ്ഥാന അവശ്യഘടകങ്ങളുടെ ചെലവിന്റെ പങ്കുവഹിക്കുന്നതിന് കേന്ദ്രസർക്കാർ 90ശതമാനവും സംസ്ഥാന സർക്കാർ 5 ശതമാനവും ഗുണഭോക്താവ്/ ഇംപ്ലിമെന്റിംഗ് ഏജൻസി 5 ശതമാനവും നൽകുന്നു. യഥാർത്ഥ ആവശ്യങ്ങൾ കണക്കിലെടുത്തുന്നതിനുശേഷം മാത്രമേ പ്രൊപ്പസലുകൾ ശുപാർശ ചെയ്യുകയുള്ളൂ. ആവശ്യം സൂചിപ്പിക്കുന്നതിനുള്ള ഒരു പ്രൊഫോർമ അനുബന്ധം എ.2 ആയി നൽകിയിട്ടു്.

**(എ.3.8.2) പണിശാലയുടെ നിർമ്മാണം.**

പണിശാലകൾ നിർമ്മിക്കുന്നതിനുള്ള ധനസഹായം ചുവടെ:

| ഘടകം | യൂണിറ്റിന്റെ വിസ്തീർണ്ണം | ധനസഹായത്തിന്റെ തോത് |
|---|---|---|
| പണിശാലകളുടെ നിർമ്മാണം | 20 ച.മീ | 25,000/-രൂപാ |

മുകളിൽ പറഞ്ഞ രീതിയിൽ കേന്ദ്ര ധനസഹായം പരിമിതപ്പെടുത്തിയിട്ടുങ്കിലും സംസ്ഥാന സർക്കാരിന്/ കേന്ദ്ര ഭരണ പ്രദേശത്തിന്/ ഇംപ്ലിമെന്റിംഗ് ഏജൻസിക്ക്/ ഗുണഭോക്താക്കൾക്ക്, ഇതിന്മേലുള്ള അധികച്ചെലവ് സ്വന്തം സംഭാവനയായോ ധനകാര്യസ്ഥാപനങ്ങളിലെ വായ്പയായോ നൽകുന്നതിന് സ്വാതന്ത്ര്യമുായിരിക്കുക.

മേൽഘടക പദ്ധതി പ്രകാരം ദാരിദ്ര്യരേഖക്ക് കീഴിലുള്ള(ബി.പി.എൽ) നെയ്ത്തുകാർക്ക് മുൻഗണനയുായിരിക്കും ഗ്രാമ വികസന മന്ത്രാലയത്തിന്റെ ഇന്ദിരാ ആവാസ് യോജന

പദ്ധതിപ്രകാരം വീടു നിർമ്മിക്കുന്നതിന് ധനസഹായം നേടിയിട്ടുള്ള നെയ്ത്തുകാർക്കും ഈ പദ്ധതി പ്രകാരം പണിശാലയുടെ നിർമ്മാണത്തിന് ധനസഹായം സ്വീകരിക്കാവുന്നതാണ്. ഈ ഘടകത്തിൽ കീഴിൽ ധനസഹായത്തിന് ദാരിദ്ര്യരേഖക്ക് കീഴിലുള്ള നെയ്ത്തുകാരെ പരമാവധി ഉൾപ്പെടുത്തിയതിനുശേഷം മാത്രമേ ദാരിദ്ര്യ രേഖക്ക് കീഴിലല്ലാത്തവരെ പരിഗണിക്കുകയുള്ളൂ ദാരിദ്ര്യരേഖക്ക് കീഴിലുള്ള നെയ്ത്തുകാർക്ക് ഇക്കാര്യത്തിന് നൽകുന്ന മുഴുവൻ ധനസഹായമായ 2500/- രൂപയും കേന്ദ്രസർക്കാർ നൽകും. എന്നാൽ ദാരിദ്ര്യരേഖക്ക് കീഴിൽ വരാത്ത നെയ്ത്തുകാർക്ക് ലഭ്യമാകുന്ന ധനസഹായത്തിന്റെ 75% മാത്രം അതായത് 18,750/- രൂപ മാത്രം കേന്ദ്ര സർക്കാർ നൽകുന്നു. അവശേഷിക്കുന്ന തുക സംസ്ഥാന സർക്കാർ അല്ലെങ്കിൽ ഗുണഭോക്താവ് നൽകേതാണ്. ഇതിനാവശ്യമുള്ള ഭൂമിയുടെ ഉടമസ്ഥാവകാശ രേഖകൾ നെയ്ത്തുകാരന്റെ പേരിലാണ് ഉള്ളത് എന്ന ഒരു സർട്ടിഫിക്കറ്റ് ഹാജരാക്കേതാണ്.

**(എ. 3. 8. 3) കഴിവു വികസിപ്പിക്കൽ**

വിപണിയുടെ മാറുന്ന ട്രെൻഡുകൾക്കനുസരിച്ച് ഉല്പന്നങ്ങളുടെ മേന്മ വർദ്ധിപ്പിക്കുന്നതിനും ഉല്പന്നങ്ങൾ വൈവിധ്യവൽക്കരണമാർജ്ജിക്കുന്നതിനും നെയ്ത്തുകാർക്ക്/ തൊഴിലാളികൾക്ക് പരിശീലനവും തുടർപരിശീലനവും നൽകേതു്. കൈത്തറി മേഖലയിലെ നെയ്ത്തുകാർക്ക്/ തൊഴിലാളികൾക്ക് സാങ്കേതികവും നടത്തിപ്പു സംബന്ധവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്ന വിഷയങ്ങളിൽ ആരോഗ്യപരമായ സമീപനം ഈ പദ്ധതി മുന്നോട്ടു വയ്ക്കുന്നു. 20 പരിശീലനാർത്ഥികൾ വീതമടങ്ങുന്ന ബാച്ചിന് താഴെപ്പറയുന്ന ഇനങ്ങൾക്കും സൂചിപ്പിച്ചിരിക്കുന്ന നിരക്കിലും 100% കേന്ദ്ര ധനസഹായമായി നൽകുന്നു.

1. നെയ്ത്തിന് ഓരോ ബാച്ചിനും 3,00,000/- രൂപാ വീതം.
2. ചായം മുക്കലിന് ഓരോ ബാച്ചിനും 1,00,000/- രൂപാ വീതം
3. ഡിസൈനിംഗിന് ഓരോ ബാച്ചിനും 50,000/-രൂപാ വീതം

സ്വയം സഹായ സംഘങ്ങളിലെയും നെയ്ത്ത് സഹകരണസംഘങ്ങളിലെയും

4. കൺസോർഷ്യത്തിലെയും മറ്റും മാനേജീരിയൽ സ്റ്റാഫിന്റെ 50 പേർ അടങ്ങിയ ഓരോ ബാച്ചിനും മാനേജേരിയൽ വർക്ക്ഷോപ്പ് നടത്തുന്നതിന്25,000/- രൂപാ വീതം.

കഴിവുയർത്തൽ പരിശീലനത്തിന്റെ നിബന്ധനകൾ കൂട്ടിച്ചേർത്തിട്ടു്. ഇത്തരം പരിശീലന പരിപാടികളുടെ ആകെ ചെലവ്, ആകെ പദ്ധതിച്ചെലവിന്റെ 15%-ൽ അധികരിക്കാൻ പാടില്ല.

**300നും 500നും ഇടക്ക് നെയ്ത്തുകാരുള്ള ക്ലസ്റ്ററുകളിലെ വ്യക്തിഗത നെയ്ത്തുകാർക്ക് ഈ ഘടകത്തിലൂടെ നൽകുന്ന ധന സഹായത്തിന്റെ ലഘു വിവരപ്പട്ടിക.**

| ക്രമ നമ്പർ | ഘടകം | നെയ്ത്തുകാർക്കുള്ള ധനസഹായം | പങ്കു വഹിക്കൽ:- കേന്ദ്രസർക്കാർ: ഇംപ്ലിമെന്റിംഗ്ഏജൻസി/ ഗുണഭോക്താവ് |
|---|---|---|---|
| (എ) | അടിസ്ഥാന അവശ്യങ്ങൾ | മാർജിൻ മണിയായി6000/-രൂപഒറ്റത്തവണ | 70:20:10 |
| | | പുതിയ തറി വാങ്ങുന്നതിന് 8000/-രൂപാ- ഒറ്റത്തവണ | 70:20:10 |
| | | ഡോബിക്ക് 4000/-രൂപാ-ഒറ്റത്തവണ | 70:20:10 |
| | | ജക്കാർഡിന് 6000/-രൂപാ-ഒറ്റത്തവണ | 70:20:10 |
| | | അക്സസറീസിന്2000/-രൂപാ- ഒറ്റത്തവണ | 70:20:10 |
| (ബി) | പണിപ്പുരയുടെ നിർമ്മാണം | 20 ച.മീ. വിസ്തീർണ്ണമുള്ള ഒരു പണിപ്പുരയുടെ നിർമ്മാണത്തിന് ദാരിദ്ര്യരേഖക്ക് കീഴിലുള്ള നെയ്ത്തുകാർക്ക് ധനസഹായമായി 25000/-രൂപാ വരെ കേന്ദ്രസർക്കാർ നൽകുന്നു. ദാരിദ്ര്യ രേഖക്ക് കീഴിലല്ലാത്ത നെയ്തതുകാരുടെ കാര്യത്തിൽ കേന്ദ്രസർക്കാർ, 25,000/- രൂപയുടെ 75% മാത്രം അതായത് 18,750/-രൂപാ നൽകുന്നു. | അവശേഷിക്കുന്ന തുക സംസ്ഥാന സർക്കാരോ ഗുണഭോക്താവോ നൽകേ താണ്. |
| (സി) | കഴിവു വർദ്ധിപ്പിക്കൽ പരിശീലനം (ആകെ പദ്ധതിച്ചെലവിന്റെ പരമാവധി15%) | 20 പരിശീലനാർത്ഥികളുടെ ഒരു ബാച്ചിന് അനുവദിക്കുന്ന തുക: നെയ്തതിന് 3.00 ലക്ഷം രൂപാ, ചായം മുക്കലിന്1.00ലക്ഷം രൂപാ ഡിസൈനിംഗിന് 0.50 ലക്ഷം രൂപാ മാനേജെരിയൽ പരിശീലനത്തിന് 50 പേരുൾപ്പെട്ട ഒരു ബാച്ചിന് 0.25 ലക്ഷം രൂപാ. | 100% കേന്ദ്രസർക്കാർ |

**<u>കുറിപ്പുകൾ:</u>**

ക്രമനമ്പർ (എ)യും (ബി)യും പ്രകാരമുള്ള ഘടകങ്ങളുടെ ധനസഹായം സംസ്ഥാന സർക്കാർ മുഖേന ഇംപ്ലിമെന്റിംഗ് ഏജൻസിക്ക് നൽകുന്നു.

**(എ.4) ധനസഹായത്തിന്റെ തുക**

ധനസഹായത്തിന്റെ തുക നിശ്ചയിക്കുന്നത്, ക്ലസ്റ്ററിലെ യഥാർത്ഥ ആവശ്യത്തെ അടിസ്ഥാനമാക്കിയും, ക്ലസ്റ്റർ വികസന പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന പ്രവർത്തനങ്ങളുടെ ലക്ഷ്യം, ക്ലസ്റ്റർ സംഘടനയുടെ സാമ്പത്തികവും നടത്തിപ്പുമായ ശേഷി, ക്ലസ്റ്ററിന്റെ മുൻകാല പ്രവർത്തനത്തിന്റെ രീതി എന്നിവയെ അവലംബിച്ചുമായിരിക്കും. ഒരു ക്ലസ്റ്ററിന് അനുവദനീയമായ പരമാവധി പദ്ധതിച്ചെലവ് 3 വർഷത്തേക്ക് കേന്ദ്ര-സംസ്ഥാന വിഹിതങ്ങളും ഇംപ്ലിമെന്റിംഗ് ഏജൻസിയുടെ വിഹിതമുൾപ്പെടെ 60.00 ലക്ഷം രൂപയിൽ അധികരിക്കാൻ പാടില്ല. (വ്യക്തിഗത നെയ്ത്തുകാർക്ക് നൽകുന്ന ധനസഹായം ഉൾപ്പെടെ)

**(എ.5) സംസ്ഥാനതല പ്രോജക്ട് കമ്മറ്റി (എസ്. എൽ. പി. സി)**

സ്റ്റേറ്റ് കമ്മീഷണർ/കൈത്തറി - ടെക്സ്റ്റൈയിൽസ് ഡയറക്ടർ നേതൃത്വം നൽകുന്നതും കൈത്തറി മേഖലയിൽ പ്രവർത്തിക്കുന്ന ഒരു പ്രമുഖ സർക്കാരിതര സംഘടനയുടെയും കൈത്തറി സ്ഥാപനത്തിന്റേയും (നെയ്ത്തുസഹകരണ സംഘങ്ങളുടെകളുടെ അപകസ് സ്ഥാപനമോ സംസ്ഥാന കൈത്തറി കോർപ്പറേഷനോ)പ്രതിനിധികൾ, പ്രമുഖ കയറ്റുമതി സംരഭകൻ, ബന്ധപ്പെട്ട വീവേഴ്സ് സർവീസ് സെന്ററിലെ ഓഫീസർ ഇൻചാർജ്ജ് സ്വയം സഹായ സംഘങ്ങളുടെ ഗ്രൂപ്പിൽ നിന്നും ഒരു നെയ്ത്തുകാരൻ എന്നിവരും ഉൾപ്പെടുന്നതാണ് സംസ്ഥാന തല പ്രോജക്ടുകൾ. പ്രോജക്ടു പ്രൊപ്പോസലുകളെ സൂക്ഷ്മ പരിശോധന ചെയ്യുന്നതിനും കർമ്മ പദ്ധതിക്ക് അംഗീകാരം നൽകുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും പുരോഗതി വിലയിരുത്തുന്നതിനും അതുപോലെ തന്നെ ഇംപ്ലിമെന്റിംഗ് ഏജൻസിയെ ശുപാർശ ചെയ്യുന്നതിനും ഉള്ള ഉത്തരവാദിത്വം എസ്.എൽ.പി.സിയ്ക്കാണ്.

**(എ.6) ഇംപ്ലിമെന്റിംഗ് ഏജൻസി**

കൈത്തറി ഡയറക്ടറേറ്റിനേയും മറ്റ് അനുബന്ധ ഓഫീസുകളേയും പോലെയുള്ള സംസ്ഥാന സർക്കാർ ഓഫീസുകൾ, സംസ്ഥാന കൈത്തറി കോർപ്പറേഷനുകൾ, അപ്പെക്സ് സംഘങ്ങൾ സർക്കാർ ഇതര സംഘടനകൾ (സംസ്ഥാന സർക്കാരുകൾ ശുപാർശ ചെയ്തതും കൈത്തറി ഡെവലപ്മെന്റ് കമ്മീഷണറുടെ ഓഫീസ് അംഗീകരിച്ചതും ആയവ) തുടങ്ങിയ ഇംപ്ലിമെന്റിങ്ങ് ഏജൻസികളിൽ നിന്നും സംസ്ഥാന സർക്കാരുകൾ/ കേന്ദ്രഭരണ പ്രദേശങ്ങൾ പ്രൊപ്പൊസലുകൾ സ്വീകരിക്കുന്നു. സംസ്ഥാന സർക്കാരിന്റെ കൈത്തറി ടെക്സ്റ്റയിൽസ് ഡയറക്ടറുടെ ഓഫീസ്, മറ്റ് അനുബന്ധ ഓഫീസുകൾ, സംസ്ഥാന കൈത്തറി കോർപ്പറേഷൻ, അപ്പെക്സ് സഹകരണ സംഘടനകൾ സർക്കാർ ഇതര സംഘടനകൾ,എന്നിവയിൽനിന്നും സംസ്ഥാന സർക്കാർ ശുപാർശ ചെയ്തതും ഈ ഓഫീസ് അംഗീകരിച്ചതും ആയതും ദേശീയതല കൈത്തറി സംഘടനകൾ, കേന്ദ്രസർക്കാർ സംഘടനകൾ എന്നിവയാണ് ഇംപ്ലിമെന്റിംഗ് ഏജൻസികൾ. സർക്കാർ ഇതര സംഘടനകൾക്ക് ഗ്രേഡിംഗ് നൽകുന്നതിനുള്ള ഒരു ഫോർമാറ്റ് അനുബന്ധം എ4 ആയി നൽകിയിട്ടു്. 100 മാർക്കിൽ 60 എങ്കിലും നേടുന്ന സർക്കാർ ഇതര സംഘടനകളെ മാത്രമേ പരിഗണിക്കുകയുള്ളൂ. ഇംപ്ലിമെന്റിംഗ് ഏജൻസികളുടെ ചുമതലകൾ താഴെ പറയുന്നു.

1. ക്ലസ്റ്റർ ഡെവലപ്മെന്റ് എക്സിക്യൂട്ടീവിനെ നിർണ്ണയിക്കുക.
സി.ഡി.ഇ. മാരുടെ പരിശീലനത്തിനുവേി സംസ്ഥാനസർക്കാരുമായി/ സ്റ്റേറ്റ് ലവൽ പ്രോജക്ടു കമ്മിറ്റിയുമായി സംവേദനം നടത്തുക.
2. അടിസ്ഥാന വിവര സർവ്വേയും സൂക്ഷ്മ പഠന വിശകലനവും നടത്തുക.
3. സി. ഡി. ഇ നടത്തിയ സൂക്ഷ്മ വിശകലന പഠനത്തെ അടിസ്ഥാനമാക്കി വാർഷിക കർമ്മ പദ്ധതികൾ വ്യക്തമാക്കുന്നതും ക്ലസ്റ്ററിലെ ആവശ്യകതകൾ, പ്രവർത്തനങ്ങൾ പ്രതീക്ഷിക്കുന്ന അനന്തര ഫലങ്ങൾ, ലഭ്യതകൾ, എന്നിവ വ്യക്തമായി ചൂിക്കാട്ടുന്നതുമായ ഒരു പ്രോജക്ട് തയ്യാറാക്കി എസ്. എൽ. പി. സിയുടെ അംഗീകാരത്തിന് സമർപ്പിക്കുക.
4. മുകളിൽ പരാമർശിച്ച പ്രോജക്ട് സമയ പരിധിക്കുള്ളിൽ നടപ്പിലാക്കുക
5. കാലാകാലങ്ങളിൽ ഭൗതികവും സാമ്പത്തികവുമായ പുരോഗതി റിപ്പോർട്ടും അതുപോലെ പൂർത്തീകരണ റിപ്പോർട്ടും സംസ്ഥാന സർക്കാരിന് സമർപ്പിക്കുക.

**(എ.7) ക്ലസ്റ്റർ വികസന പദ്ധതിയുടെ കാലദൈർഘ്യം**

ക്ലസ്റ്റർ പ്രോജക്ട് പൂർത്തിയാക്കുന്നതിനുള്ള കാലദൈർഘ്യം 3 വർഷമാണ്.

**(എ.8) പ്രൊപ്പോസലുകളുടെ സമർപ്പണവും ധനസഹായത്തിന്റെ വിതരണവും.**

**എ8.1. അടിസ്ഥാന വിവര സർവ്വേക്കും സൂക്ഷ്മ വിശകലന പഠനത്തിനും ഉള്ള പ്രാഥമിക നിർദ്ദേശം.**

ഓരോ ക്ലസ്റ്ററിന്റേയും വികസനം ഒരു പ്രോജക്ട് മാതൃകയിൽ ഉള്ള കേന്ദ്ര ആവിഷ്കൃത പദ്ധതിയായി സംസ്ഥാന സർക്കാറുകൾ മുഖേനയോ ഇംപ്ലിമെന്റിംഗ് ഏജൻസികൾ മുഖേനയോ നടപ്പിലാക്കുന്നു. ഇംപ്ലിമെന്റിംഗ് എ.2.2-ൽ വിശദീകരിക്കുന്ന തരത്തിൽ ഒരു ക്ലസ്റ്ററിന്റെ അടിസ്ഥാന വിവര സർവ്വേയും സൂക്ഷ്മ വിശകലന പഠനവും സംസ്ഥാന സർക്കാർ പ്രൊപ്പൊസലുകൾ ക്ഷണിക്കും: (ഖണ്ഡിക എ6 കാണുക). അത് എസ്. എൽ. പി. സി. യുടെ സൂക്ഷ്മ പരിശോധനക്ക് ശേഷം ഡവലപ്മെന്റ് കമ്മീഷണറർ (ഹാന്റ്ലൂംസ്)-ന്റെ ഓഫീസിലേക്ക് ശുപാർശ ചെയ്യുന്നു. നിർണ്ണയിക്കപ്പെട്ട ക്ലസ്റ്ററിന്റെ അടിസ്ഥാന വിവര സർവ്വേയും സൂക്ഷ്മ വിശകലന പഠനവും നടത്തുന്നതിനനു വദിക്കപ്പെടുന്ന തുകയുടെ 50% തുക, എസ്. എൽ. പി. സിയുടെ ശുപാർശയോടെ അടിസ്ഥാന വിവര സർവ്വേ റിപ്പോർട്ടും സൂക്ഷ്മ വിശകലന പഠനറിപ്പോർട്ടും കർമ്മപദ്ധതിയും (ഇതിനെ ഇനിമേൽ പ്രോജക്ട് റിപ്പോർട്ട് എന്നു വിളിക്കുന്നു.) കൂടാതെ അടിസ്ഥാന വിവര സർവ്വേക്കും സൂക്ഷ്മ വിശകലനപഠനത്തിനുമായി നൽകിയ തുകയ്ക്കുള്ള വിനിയോഗ സർട്ടിഫിക്കറ്റും അഡിറ്റു ചെയ്ത അക്കൗുകളും സഹിതം സമർപ്പിക്കുമ്പോൾ സംസ്ഥാന സർക്കാർ മുഖേന ഇംപ്ലിമെന്റിംഗ് ഏജൻസിക്കു നൽകുന്നു. ഇംപ്ലിമെന്റിംഗ് ഏജൻസിയാൽ അടിസ്ഥാന വിവരസർവ്വേയും സൂക്ഷ്മ വിശകലന പഠനവും നടത്തിക്കഴിഞ്ഞ പ്രോജക്ട് പ്രൊപ്പൊസലുകളും ഈ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തുന്നതാണ്.

(എ. 8.2) **ക്ലസ്റ്റർ വികസനത്തിന്റെ പദ്ധതി റിപ്പോർട്ടിന്റേയും കർമ്മ പദ്ധതിയുടേയും സമർപ്പണവും ധനസഹായത്തിന്റെ വിതരണവും.**

അടിസ്ഥാന വിവര സർവ്വേ, സൂക്ഷ്മ വിശകലന പഠന റിപ്പോർട്ട്, ഒന്നാം വർഷത്തിലേക്കുള്ള ഉറപ്പുള്ള കർമ്മ പദ്ധതികൾ എന്നിവ ഉൾക്കൊള്ളുന്നതാണ്. അനുബന്ധം എ-3 പ്രകാരമുള്ള നിർദ്ദിഷ്ട ഫോറത്തിൽ തയ്യാറാക്കിയ പ്രോജക്ട് റിപ്പോർട്ട്. സംസ്ഥാന കമ്മീഷണർ/കൈത്തറി ഡയറക്ടർ തലവനായുള്ള സംസ്ഥാന തല പ്രൊജക്ട് കമ്മിറ്റി പ്രോജക്ട് റിപ്പോർട്ട് പരിഗണിക്കുകയും സൂക്ഷ്മപരിശോധന നടത്തുകയുയും ചെയ്യുന്നത് പ്രയോജനകരമാണെന്നും ക്ലസ്റ്ററിലെ നെയ്ത്തുകാരുടെ സാമൂഹിക - സാമ്പത്തിക വികസനത്തിനുതകുന്നതാണെന്നും കാണുന്ന പ്രൊപ്പോസലുകൾ മാത്രമേ എസ്. എൽ. പി. സി. ശുപാർശ ചെയ്യുകയുള്ളൂ. ഇത്തരം പ്രൊപ്പാസലുകളെ ഹാന്റ്‌ലൂം ഡവലപ്മെന്റ് കമ്മീഷണറുടെ അംഗീകാരത്തിനായി സംസ്ഥാന സർക്കാർ അയക്കുന്നു. യഥാവിധിയുള്ള സൂക്ഷ്മ പരിശോധനക്കും അംഗീകാരത്തിനുംശേഷം ഹാന്റ്‌ലൂം ഡവലപ്മെന്റ് കമ്മീഷണറുടെ ഓഫീസ് മൂന്നു തവണകളായി ക്ലസ്റ്റർ വികസന പരിപാടി നടപ്പിലാക്കുന്നതിനായി ഇംപ്ലിമെന്റിംഗ് ഏജൻസിക്ക് ധനസഹായം വിതരണം ചെയ്യുന്നു, അതായത് ഒന്നാമത്തെ തവണയായി 30% വരെയുള്ള തുകയും രാം തവണയായി 40% വരെയുള്ള തുകയും അവശേഷിക്കുന്ന തുക മൂന്നാം തവണയായും വിനിയോഗ സർട്ടിഫിക്കറ്റ്, ആഡിറ്റു ചെയ്ത അക്കൗ , കർമ്മപദ്ധതി പ്രകാരമുള്ള ഭൗതിക പുരോഗതിറിപ്പോർട്ട് തുടങ്ങിയവ സമർപ്പിക്കുന്നതിനനുസരിച്ച് ഇംപ്ലിമെന്റിംഗ് ഏജൻസികൾക്ക് കേന്ദ്ര ധന സഹായം സംസ്ഥാന സർക്കാർ വഴി വിതരണം ചെയ്യുന്നു. പ്രസക്തമായ ജനറൽ ഫിനാൻഷ്യൽ റൂളുകൾ പ്രകാരം ഇംപ്ലിമെന്റിംഗ് ഏജൻസി രേഖകൾ തയ്യാറാക്കി സൂക്ഷിക്കേതാണ്. അടിസ്ഥാന വിവര സർവ്വേയും സൂക്ഷ്മ വിശകലന പഠനവും ക്ലസ്റ്റർ വികസന കർമ്മ പദ്ധതിയും ഉൾപ്പെടുത്തിയ സമഗ്രമായ പ്രോജക്ട് റിപ്പോർട്ടുകളും സംസ്ഥാന സർക്കാരിന് അയയ്ക്കാവുന്നതാണ്. അത്തരം സന്ദർഭങ്ങളിൽ അടിസ്ഥാന വിവര സർവ്വേയുടേയും സൂക്ഷ്മ വിശകലന പഠനത്തിന്റെയും ആകെ തുകയും നിർദ്ദിഷ്ട കർമ്മ പദ്ധതിയുടെ ചെലവിന്റെ മുപ്പതു ശതമാനവും ഒന്നാമത്തെ തവണയായി ഹാന്റ്‌ലൂം ഡവലപ്മെന്റ് കമ്മീഷണറുടെ ഓഫീസിൽ നിന്നും വിതരണം ചെയ്യുന്നതാണ്.

## <u>പാർട്ട് (ബി)</u>

**സി. കൈത്തറി വികസനത്തിനായുള്ള ഗ്രൂപ്പ് സമീപനം**

ക്ലസ്റ്ററുകൾ വഴിയുള്ള പ്രയോജനം സാധ്യമാകാത്തതും, ഭൂമിശാസ്ത്ര പരമായി പ്രയോജനം സാധ്യാമാകാത്തതും, ഭൂമിശാസ്ത്രപരമായി തുടർച്ചയായ പ്രദേശത്ത്, ഉദാഹരണമായി ഗ്രാമീണ മേഖലയിൽ ഒരു ബ്ലോക്കിലോ റവന്യൂജില്ലയിലോ അല്ലെങ്കിൽ നഗര പ്രദേശങ്ങളിലെ ഒരു വാർഡിൽോ അല്ലെങ്കിൽ നഗര പ്രദേശങ്ങളിലെ ഒരു വാർഡിലോ ഉള്ളതും സമാനമായ ഉല്പാദന സാഹചര്യങ്ങൾ ഉള്ളതുമായ കൈത്തറി നെയ്ത്തുകാരുടെ വികസനത്തെ ലക്ഷ്യമാക്കി, ഒരു പ്രോജക്ട് രീതിയിൽ നടപ്പിലാക്കുന്നതിന് " ഗ്രൂപ്പ് സമീപനം"

സഹായകമാകുന്നു. ഓരോ ഗ്രൂപ്പിലും സ്വയം സഹായ സംഘത്തിന്റെ/ പ്രാഥമിക കൈത്തറി നെയ്ത്തു സംഘത്തിന്റെ/മറ്റു സ്വാതന്ത്ര വ്യക്തി നെയ്ത്തുകാരുടെ രൂപത്തിലുള്ള 10 നെയ്ത്തുകാരോ അധിലധികമോ ഉാകേതാണ്, ബന്ധപ്പെട്ട സംസ്ഥാന സർക്കാരിന്റെ കൈത്തറി ഡയറക്ടർ നെയത്തുകാരുടെ അടിസ്ഥാന വിവര സർവ്വേ നടത്തുകയും നെയ്ത്തുകാർക്ക് ലഭ്യമാക്കേ ആവശ്യ ധനസഹായങ്ങളുടെ വിവരവും അത്തരം ധനസഹായം വഴി വർദ്ധിക്കുന്ന സാമൂഹിക സാമ്പത്തിക നേട്ടങ്ങളും തിട്ടപ്പെടുത്തുകയും ചെയ്യുന്നു. ഈ സർവ്വേയുടെ അടിസ്ഥാനത്തിൽ ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുകയും അതിൻ പ്രകാരം ഇത്തരം ഗ്രൂപ്പുകൾക്ക് സാമ്പത്തിക സഹായത്തിനായി എസ്. എൽ. പി. സി. ശുപാർശ ചെയ്യകുയും ചെയ്യുന്നു. ഹാന്റ്ലൂം ഡവലപ്മെന്റ് കമ്മീഷണറുടെ ഓഫീസിൽ യഥാവിധി സൂക്ഷ്മ പരിശോധന നടത്തിയതിനുശേഷം ഉചിതമായ ഘടകങ്ങൾക്ക് ധനസഹായം വിതരണം ചെയ്യുന്നു. നെയ്ത്തുകാരുടെ അത്തരം ഗ്രൂപ്പുകൾക്ക് താഴെപ്പറയുന്ന ഘടങ്ങൾക്കായി ധന സഹായം നൽകുന്നു.

1. **അടിസ്ഥാന - അവശ്യഘടകങ്ങൾ:**

പുതിയ തറികൾ, ഡോബി, ജക്കാർഡ്, അക്സസറികൾ തുടങ്ങിയ അടിസ്ഥാന ആവശ്യഘടകങ്ങൾ വ്യക്തിഗത നെയ്ത്തുകാർക്ക് വിതരണം ചെയ്യുന്നു. സ്വന്തം നിലയിലോ പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ വഴിയോ, സ്വയം സഹായ സംഘങ്ങൾ വഴിയോ, മാസ്റ്റർ വീവർമാർ വഴിയോ ബാങ്കുകളുമായി വായ്പാ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുള്ള നെയ്ത്തുകാർക്ക് മാർജിൻ മണിയായും ധനസഹായം ലഭിക്കുന്നതാണ്.

2. **നെയ്ത്ത്, ചായംമുക്കൽ, ഡിസൈനിംഗ്, മാനേജേരിയൽ, ഡിസിപ്ലിൻ എന്നിവയുടെ പരിശീലനം**

പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങളിലേയും കൺസോർഷ്യങ്ങളിലേയും സ്വയം സഹായ സംഘങ്ങളിലേയും മാസ്റ്റർ വീവർമാരുടെ കീഴിലുള്ളതുമായ കൈത്തറി

നെയ്ത്തുകാർക്ക്/ തൊഴിലാളികൾക്ക് ബന്ധപ്പെട്ട വീവേഴ്സ് സർവ്വീസ് സെന്റർ മുകളിൽ പറഞ്ഞ രീതിയിലുള്ള പരിശീലനം സംഘടിപ്പിക്കുന്നു. കഴിവുമെച്ചപ്പെടുത്തു ന്നതിനുള്ള ഇത്തരം പരിശീലത്തിനായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അനുബന്ധമായി ചേർത്തിട്ടു്. ഇതിനായുള്ള ധനസഹായം ബന്ധപ്പെട്ട വീവേഴ്സ് സർവ്വീസ് സെന്ററിന് നേരിട്ട് വിതരണം ചെയ്യുന്നു.

3. **പണിപ്പുരയുടെ നിർമ്മാണം:**

സ്വന്തമായി പണിപ്പുരയില്ലാതിരിക്കുകയും എന്നാൽ മറ്റു സ്ഥലങ്ങളിലെ അതായത് സംഘങ്ങളിലേയോ മാസ്റ്റർ വീവർമാരുടേയോ തറികളിൽ തൊഴിൽ ചെയ്യുന്നവരോ ആയ നെയ്ത്തുകാർക്ക് പണിപ്പുരയുടെ നിർമ്മാണത്തിന് ധനസഹായം നൽകുന്നു. കൈത്തറി - ടെക്സ്റ്റയിൽസ് ഡയറക്ടർ സ്പോൺസർ ചെയ്യുന്നതും സ്വയം സഹായ സംഘങ്ങളിലോ സഹകരണ സംഘത്തിലോ അഥവാ വ്യക്തിഗത നെയ്ത്തു കാരുടെ ഗ്രൂപ്പിൽ വരുന്നതോ ആയ,

കുറഞ്ഞത് 10 പേരെങ്കിലും ഉള്ള ഗ്രൂപ്പിൽപ്പെടുന്ന നെയ്ത്തുകാർക്ക് ഈ ഘടകത്തിന്റെ ധനസഹായം ലഭിക്കും. പണിപ്പുരയുടെ നിർമ്മാണത്തിനുള്ള ധന സഹായത്തിന്റെ തോത് ചുവടെ ചേർക്കുന്നു.

| ഘടകം | ഒരു യൂണിറ്റിന്റെ വിസ്തീർണ്ണം | ധനസഹായത്തിന്റെ തോത് |
|---|---|---|
| പണിപ്പുരയുടെ നിർമ്മാണം | 20 ച.മീ | 25,000/- രൂപ |

കേന്ദ്ര സഹായം മേൽ വിശദീകരിച്ച രീതിയിൽ പരിമിതപ്പെടുത്തിയിട്ടുണ്ടെങ്കിലും സംസ്ഥാന സർക്കാരുകൾക്ക്/ കേന്ദ്ര ഭരണ പ്രദേശങ്ങൾക്ക്/ ഇംപ്ലിമെന്റിംഗ് ഏജൻസികൾക്ക്/ ഗുണഭോക്താക്കൾക്ക് ഇതിന്മേലുള്ള അധികച്ചെലവുകൾ സ്വന്തം നിലയ്ക്കോ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പയായോ നിർവ്വഹിക്കുന്നതിന് സ്വാതന്ത്ര്യമുായിരിക്കും. ഈ ഘടകത്തിൽ ദാരിദ്ര്യ രേഖയ്ക്ക് കീഴിലുള്ളവർ (ബി. പി. എൽ.) ന് മുൻഗണനയുായിരിക്കും. ഗ്രാമ വികസന മന്ത്രാലയത്തിന്റെ ഇന്ദിരാ ആവാസ് യോജന എന്ന പദ്ധതി പ്രകാരം വീട് വയ്ക്കുന്നതിന് ധനസഹായം

നേടിയവർക്കും ഈ പദ്ധതി പ്രകാരമുള്ള ധനസഹായത്തിന് അർഹതയു ായിരിക്കും. ഈ പദ്ധതിയിൽ ദാരിദ്ര്യരേഖക്ക് കീഴിലുള്ള നെയ്ത്തുകാരെ കഴിയുന്നിടത്തോളം പരിഗണിച്ചതിനുശേഷം മാത്രമേ അല്ലാത്തവരെ പരിഗണിക്കുകയുള്ളൂ. ദാരിദ്ര്യരേഖക്ക് കീഴിലുള്ളവർക്ക് ധനസഹായത്തിന്റെ മുഴുവൻ തുകയായ 25,000/- രൂപയും

കേന്ദ്രസർക്കാർ നൽകുന്നു. എന്നാൽ ദാരിദ്ര്യരേഖയ്ക്ക് കീഴിൽ വരാത്തവർക്കുള്ള കേന്ദ്രസഹായം 75% ആണ്, അതായത് 18750/- രൂപ. ശേഷിപ്പിക്കുന്ന തുക സംസ്ഥാന സർക്കാർ അല്ലെങ്കിൽ ഗുണഭോക്താവ് വഹിക്കേതാണ്.

**4. പുറകിലേക്ക് ബന്ധപ്പെടുത്തൽ:**

തിരഞ്ഞെടുക്കപ്പെടുന്ന ഗ്രൂപ്പുകൾക്ക് നൂലിന്റേയും, ചായങ്ങളുടേയും രാസവസ്തുക്കളുടേയും വിതരണം ദേശീയ കൈത്തറി വികസന കോർപ്പറേഷനിൽ നിന്നും ലഭിക്കുന്നതാണ്.

**5. മുൻപിലേക്കുള്ള ബന്ധപ്പെടുത്തൽ:**

ഗ്രൂപ്പുകളിൽ നിന്നുള്ള ഉല്പന്നങ്ങളുടെ വിപണനം കയറ്റുമതി വിപണന പ്രോത്സാഹന പദ്ധതി പ്രകാരമുള്ള ജില്ലാതലമേളകൾ, ഹാറ്റുകൾ, ദേശീയതല പ്രദർശനങ്ങൾ, പ്രത്യേക പ്രദർശനങ്ങൾ, ക്രാഫ്റ്റ് മേളകൾ തുടങ്ങിയ വിവിധ വിപണന പദ്ധതികളിലൂടെ നിർവ്വഹിക്കാവുന്നതാണ്.

**6. ഡിസൈനുകളുടെ സ്വാംശീകരണം:**

ഇത് വീവേഴ്സ് സർവ്വീസ് സെന്ററുകളിൽ നിന്നും ലഭ്യമാകുന്നതാണ്.

**(ബി.1) വിവിധ ഘടകങ്ങൾക്കായി വീതിച്ചു നൽകുന്ന തുകകൾ താഴെപ്പറയുന്നു.**

| ക്രമ നമ്പർ | ഘടകങ്ങൾ | ഓരോ നെയ്ത്തുകാരനും ലഭിക്കുന്ന ധന സഹായം | വിഹിതം കേന്ദ്ര സർക്കാർ: സംസ്ഥാനം ഇംപ്ലിമെന്റിംഗ് ഏജൻസി/ ഗുണഭോക്താവ്. |
|---|---|---|---|
| 1 | അടിസ്ഥാന അവശ്യ ഘടകങ്ങൾ | 6000/- രൂപ വീതം മാർജിൻമണി ഒറ്റത്തവണ | 70:20:10 |
| | | 8000/- രൂപ വീതം പുതിയ തറിക്ക് ഒറ്റത്തവണ | 70:20:10 |
| | | 4000/- രൂപ വീതം ഡോബിയ്ക്ക് ഒറ്റത്തവണ | 70:20:10 |
| | | 6000/- രൂപാ വീതം ജക്കാർഡിന് ഒറ്റത്തവണ | 70:20:10 |
| | | 2000/- രൂപ വീതം അക്സസറികൾക്ക് - ഒറ്റത്തവണ | 70:20:10 |
| 2 | കഴിവുയർത്തൽ പരിശീലനം | 20 പേർ അടങ്ങിയ ഓരോ ബാച്ചിനും നെയ്ത്തിന് 3.00 ലക്ഷം രൂപ, ചായം മുക്കുന്നതിന് 1.00 ലക്ഷം രൂപാ ഡിസൈനിംഗിന് 0.50 ലക്ഷം രൂപ, 50 പേർ അടങ്ങിയ ബാച്ചിന് മാനേജീരിയൽ പരിശീലനത്തിന് 0.25 ലക്ഷം രൂപ - ഒറ്റത്തവണ | 100% കേന്ദ്ര സർക്കാർ |
| 3 | പണിശാലകളുടെ നിർമ്മാണം. . | 20ച.മീ.വസ്തീർണ്ണമുള്ള പണിപ്പുരയ്ക്ക്, ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള നെയ്ത്തുകാർക്ക് 25,000/- രൂപ. മറ്റുള്ളവർക്ക് ധനസഹായത്തിന്റെ 75% മാത്രം അതായത് 18,750/- രൂപ | അവശേഷിക്കുന്ന തുക സംസ്ഥാന സർക്കാർ/ഗുണഭോക്താവ് വഹിക്കുന്നു. |

- ഭൂമിയുടെ ഉടമസ്ഥാവകാശ രേഖ നെയത്തുകാരന്റെ പേരിലാണെന്നു കാണിക്കുന്ന ഒരു സർട്ടിഫിക്കറ്റ് ഹാജരാക്കേതാണ്

**കുറിപ്പ്:-**

1. ആവശ്യക്കാരനായ എല്ലാ നെയ്ത്തുകാർക്കും അവരവരുടെ ആവശ്യകതയ്ക്കനുസരിച്ച് ഏതെങ്കിലും തരത്തിലുള്ള ധന സഹായം ലഭിക്കുന്നു എന്ന് ഉറപ്പാക്കാൻ ശ്രമിക്കേതാണ്.

2. ക്രമ നമ്പർ 1,3 എന്നിവയിൽ പരാമർശിക്കപ്പെടുന്ന ധനസഹായം ബന്ധപ്പെട്ട സംസ്ഥാന സർക്കാർ വഴി ഇംപ്ലിമെന്റിംഗ് ഏജൻസിയ്ക്ക് നൽകുന്നു. എന്നാൽ ക്രമ നമ്പർ 2ൽ പരാമർശിക്കുന്നത് നേരിട്ട് ബന്ധപ്പെട്ട വീവേഴ്സ് സർവ്വീസ് സെന്ററിനു നൽകുന്നു.

3. അടിസ്ഥാന അവശ്യഘടകങ്ങളുടെ വിഹിതം നിർണ്ണയിക്കുന്ന കാര്യത്തിൽ വടക്കുകിഴക്കൻ സംസ്ഥാനങ്ങൾ, സിക്കിം, ജമ്മു-കാശ്മീർ, ഹിമാചൽ പ്രദേശ്, ഉത്തരാഞ്ചൽ, ഛത്തിസ്ഗർ, ഝാർഖണ്ഡ് എന്നീ സംസ്ഥാനങ്ങളിൽ 90% തുക കേന്ദ്ര സർക്കാരും 5% സംസ്ഥാന സർക്കാരും 5% ഗുണഭോക്തൃ സംഘടനയും നൽകുന്നതാണ്.

**(ബി.2) ഗ്രൂപ്പ് സമീപനത്തിന്റെ ഇംപ്ലിമെന്റിംഗ് ഏജൻസി**

സംസ്ഥാന സർക്കാരിന്റെ കൈത്തറി അസിസ്റ്റന്റ് ഡയറക്ടർമാർ അനുബന്ധം 1 പ്രകാരമുള്ള ഒരു അടിസ്ഥാന വിവര സർവ്വേ നടത്തിക്കേതു്. ഈ സർവ്വേയെ അടിസ്ഥാനമാക്കി ഈ ഗ്രൂപ്പുകളിലുള്ള നെയ്ത്തുകാർക്കാവശ്യമുള്ള ധന സഹായങ്ങളുടെ വിശദീകരണം നൽകുന്ന ഒരു ലഘു പദ്ധതി റിപ്പോർട്ട്; ബി-1, ബി-2 എന്നീ പ്രൊഫോർമകൾ അനുബന്ധം ബി-2(1), ബി-2(2), ബി-2 (3) എന്നിവയോടൊപ്പം തയ്യാറാക്കേതു്. ഇവ സൂക്ഷ്മ പരിശോധനയ്ക്കായി എസ്.എൽ.പി.സി.മുൻപാകെ വയ്ക്കേതും കൈത്തറി ഡവലപ്മെന്റ് കമ്മീഷണറുടെ ഓഫീസിലേയ്ക്ക് ശുപാർശ ചെയ്യേതുമാണ്.

**(ബി.3) ഗ്രൂപ്പ് പ്രോജക്ട് പ്രൊപ്പോസലുകളുടെ അംഗീകരിക്കലും ഫ് വിതരണവും**

പ്രോജക്ട് അംഗീകരിച്ചതിനു ശേഷം കേന്ദ്ര സർക്കാർ വിഹിതത്തിന്റെ 75% മുൻകൂറായി സംസ്ഥാന സർക്കാർ മുഖേന ഇംപ്ലിമെന്റിംഗ് ഏജൻസിയ്ക്ക് വിതരണം ചെയ്യുന്നതാണ്. ബാക്കി 25% തുക സംസ്ഥാന സർക്കാരിന്റെ/ഇംപ്ലിമെന്റിംഗ് ഏജൻസിയുടെ/ഗുണഭോക്താവിന്റെ വിഹിതം വിതരണം ചെയ്യുകയും, ആഡിറ്റു ചെയ്ത അക്കൗ ുകൾ, ഭൗതികവും സാമ്പത്തികവുമായ പുരോഗതി റിപ്പോർട്ട് എന്നിവ സമർപ്പിച്ചതിനു ശേഷവും മാത്രമേ വിതരണം ചെയ്യുകയുള്ളു. ബന്ധപ്പെട്ട കൈത്തറി അസിസ്റ്റന്റ് ഡയറക്ടർ, പദ്ധതി പൂർത്തിയാക്കിയതിനുശേഷം ന്യൂഡൽഹിയിലെ കൈത്തറി ഡവലപ്മെന്റ് കമ്മീഷണറുടെ ഓഫീസിലേയ്ക്ക് പുരോഗതി റിപ്പോട്ടും മൂല്യപരിശോധനാ റിപ്പോർട്ടും അയക്കേതാണ്. അതേ സമയം, കഴിവു വിപുലപ്പെടുത്തൽ പരിശീലനത്തിൻ കാര്യത്തിൽ സ്റ്റൈപന്റ് തുകയ്ക്കുള്ള ധനസഹായം, ഓണറേറിയം, മറ്റ് ഭരണച്ചെലവുകളും പലവകച്ചെലവുകളും, മാനേജീരിയൽ പരിശീലനം എന്നിവയ്ക്ക് 100% തുക മുൻകൂറായി നൽകുകയും നൂല്, തറികൾ എന്നിവ വാങ്ങുന്നതിനും തറി സ്ഥാപിക്കുന്നതിനുള്ള ചെലവുകൾക്കും വാർപിംഗ് ഡ്രം, അക്സസറീസ്, സാമ്പിളുകൾ/ഡിസൈനുകൾ ശേഖരിക്കുന്നതിനും, കെട്ടിടം വാടകയ്ക്കും, വൈദ്യുതി ചാർജ്ജ്, വെള്ളക്കരം, പണിയായുധ കിറ്റ് എന്നിവയ്ക്കുള്ള 75% മാത്രം മുൻകൂറായി നൽകുകയും ശേഷിക്കുന്ന 25% വിനിയോഗ റിപ്പോർട്ട്, അനന്തരഫല റിപ്പോർട്ട് എന്നിവ സമർപ്പിച്ചതിനുശേഷം നൽകുകയും ചെയ്യുന്നു.

**കുറിപ്പ്:-**

ഗ്രൂപ്പ് സമീപനത്തിന്റെ പ്രൊപ്പോസലുകൾ, അതായത് ക്ലസ്റ്ററിനു പുറത്തുള്ളവ അനുബന്ധം ബി-1, ബി-2 എന്നിവയിൽ തയ്യാറാക്കി ബി-2(1), ബി-2(2), ബി-2 (3) എന്നിവയോടൊപ്പം ശുപാർശ ചെയ്യുന്ന എസ്.എൽ.പി.സി.യോഗത്തിന്റെ മിനിറ്റ്സിനോടൊപ്പം സംസ്ഥാന സർക്കാർ മുഖേന ഡവലപ്മെന്റ് കമ്മീഷണറുടെ ഓഫീസിലേക്ക് സമർപ്പിക്കേതാണ്.

## പാർട്ട് - സി

**(സി) കൈത്തറി സംഘടനകൾക്കുള്ള സാമ്പത്തിക സഹായം**

**(സി.1) മാർക്കറ്റിംഗ് ഇൻസന്റീവ് (എം.ഐ)**

കൈത്തറി ഏജൻസികൾക്ക് കൈത്തറി ഉല്പന്ന വിപണിയുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനനുയോജ്യമായ സാഹചര്യമൊരുക്കുന്നതിനാണ് മാർക്കറ്റിംഗ് ഇൻസന്റീവ് നൽകുന്നത്. ഇതു വഴി വിപണിയിലെ മത്സരങ്ങൾക്ക് അനുസരിച്ച് കൈത്തറി മേഖലയിൽ വിലനിലവാത്തെ വൻതോതിൽ സഹായിക്കാൻ കഴിയുകയും അതുവഴി ഒരു വശത്ത് വില കുറച്ചു കൊുവരാനും മറുവശത്ത് ഉല്പാദനവും ഉല്പാദന ക്ഷമതയും വർദ്ധിപ്പിക്കുന്നതിനുതകും വിധം അടിസ്ഥാന സൗകര്യങ്ങൾക്കായി നിക്ഷേപിക്കാനും കഴിയുന്നു. ഈ തുക ഉപയോഗിച്ച് കൈത്തറി ഏജൻസികൾ ഉപഭോക്താക്കളെ ആകർഷിക്കുകയും കൈത്തറി ഉല്പന്നങ്ങളുടെ മൊത്തത്തിലുള്ള വില്പനയ്ക്ക് ശക്തി കൂട്ടുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തേതു് എന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്. സംസ്ഥാന കൈത്തറി കോർപ്പറേഷനുകൾ, അപ്പക്സ് സഹകരണ സംഘങ്ങൾ, പ്രാഥമിക കൈത്തറി നെയ്ത് സഹകരണ സംഘങ്ങൾ, ദേശീയ തല കൈത്തറി സ്ഥാപനങ്ങൾ എന്നിവയ്ക്കാണ് മാർക്കറ്റിംഗ് ഇൻസെന്റീവ് വഴിയുള്ള ധന സഹായത്തിന് അർഹത. അനുവദിക്കപ്പെടുന്ന തോത് താഴെപ്പറയുന്നു.

| ഘടകം | നെയ്ത്തുകാർക്കുള്ള ധനസഹായം (ലക്ഷം രൂപയിൽ | വിഹിതം കേന്ദ്ര സർക്കാർ: സംസ്ഥാന സർക്കാർ |
|---|---|---|
| മാർക്കറ്റിംഗ് ഇൻസെന്റീവ്:- കൈത്തറി കോർപ്പറേഷൻ, അപകസ് സഹകരണ സംഘങ്ങൾ, പ്രാഥമിക നെയ്ത്ത് സഹകരണ സംഘങ്ങൾ, ദേശീയതല കൈത്തറി സ്ഥാപനങ്ങൾ | അവസാനത്തെ മൂന്നുവർഷത്തെ ശരാശരി വില്പനയുടെ 10% | 50:50 ദേശീയതല കൈത്തറി സ്ഥാപങ്ങളുടേതിനൊഴികെ ഇവിടെ മുഴുവൻ ധനസഹായ വും കേന്ദ്ര സർക്കാർ വഹിക്കുന്നു. |

അർഹമായ കൈത്തറി സ്ഥാനങ്ങൾ, മാർക്കറ്റിംഗ് ഇൻസന്റീവിന്റെ ക്ലയിമുകൾ അനുബന്ധം ' സി-1' പ്രൊഫോർമയോടൊപ്പം സംസ്ഥാന സർക്കാരിന് സമർപ്പിക്കേതാണ്. സംസ്ഥാന സർക്കാർ ഇത്തരം വ്യക്തിഗത ക്ലെയിമുകൾ, ക്രോഡീകരിച്ച് ഒരു സ്റ്റേറ്റ്മെന്റും '

അനുബന്ധം - സി ' യിൽ ആവശ്യപ്പെടുന്ന തരം സർട്ടിഫിക്കറ്റും ഉൾപ്പെടെ അയക്കേതാണ്. ദേശീയ തല കൈകത്തറി സ്ഥാപനങ്ങൾക്കുള്ള മാർക്കറ്റിംഗ് ഇൻസന്റീവ് ആസ്ഥാപനങ്ങൾക്ക് നേരിട്ടു നൽകുന്നു. സംസ്ഥാനത്തിനകത്തെ കൈത്തറി സ്ഥാപനങ്ങൾക്ക്/ ഇംപ്ളിമെന്റിംഗ് ഏജൻസിയ്ക്ക് സംസ്ഥാന സർക്കാർ മുഖേന നൽകുന്നു.

**കുറിപ്പ്:-**

1. പ്രാഥമിക കൈത്തറി നെയ്ത്തു സഹകരണ സംഘങ്ങൾ/സ്വയം സഹായ സംഘങ്ങൾ എന്നിവ അപക്സ് നെയ്ത്ത് സഹകരണ സംഘങ്ങൾ/ ഫെഡറേഷനുകൾ/ കോർപ്പറേഷനുകൾ എന്നിവയ്ക്ക് വിൽക്കുന്ന ഉല്പന്നങ്ങളെ, പ്രാഥമിക സ്ഥാപനങ്ങളുടെ വാർഷിക വില്പനയുടെ തുകയിൽ നിന്നും ഒഴിവാക്കിക്കൊായിരിക്കും മാർക്കറ്റിംഗ് ഇൻസന്റീവിന് അർഹതയുള്ള വില്പന കണക്കാക്കുന്നത്. അതായത് അപക്സ് സംഘങ്ങൾ/ഫെഡറേഷനുകൾക്ക് പ്രാഥമിക സംഘങ്ങൾ നൽകുന്ന വില്പനയ്ക്ക് മാർക്കറ്റിംഗ് ഇൻസന്റീവിന് അർഹതയുായിരിക്കുന്നതല്ല. കാരണം അപക്സ് സംഘങ്ങളും ഫെഡറേഷനുകളും പ്രാഥമിക സംഘങ്ങളിൽ നിന്നും സംഭരിച്ച ഉല്പന്നങ്ങൾ വിറ്റതിനുശേഷം മാർക്കറ്റിംഗ് ഇൻസന്റീവിനുള്ള ക്ലെയിമുകൾ പ്രത്യേകമായി തയ്യാറാക്കുന്നു്.
2. ഏതെങ്കിലും കൈത്തറി ഏജൻസികൾ സർക്കാർ വകുപ്പുകൾക്കോ സർക്കാർ ഏജൻസികൾക്കോ വിൽക്കുന്ന ഉല്പന്നങ്ങളെ മാർക്കറ്റിംഗ് ഇൻസെന്റീവിന് അർഹതയുള്ള വില്പന കണക്കാക്കുന്നതിൽ നിന്നും ഒഴിവാക്കുന്നു.
3. ഒരു കൈത്തറി ഏജൻസിയിൽ നിന്നും മറ്റൊരു കൈത്തറി ഏജൻസിയിലേക്കോ തിരിച്ചോ ഉള്ള വില്പനയെയും മാർക്കറ്റിംഗ് ഇൻസെന്റീവിന് അർഹതയുള്ള വില്പന കണക്കാക്കുമ്പോൾ ഒഴിവാക്കുന്നു.
4. കൈത്തറി ഏജൻസികൾ ബാർട്ടർ സമ്പ്രദായത്തിലൂടെ നടത്തുന്ന വില്പനയെയും മാർക്കറ്റിംഗ് ഇൻസെന്റീവിന് അർഹതയുടെ വില്പന കണക്കാക്കുന്നതിൽ നിന്നും ഒഴിവാക്കുന്നു.
5. മുകളിൽ 1 മുതൽ 4 വരെ വിശദീകരിച്ച കാര്യങ്ങൾ കണക്കിലെടുത്തു കൊാണ് മാർക്കറ്റിംഗ് ഇൻസെന്റീവിന് അർഹതയുള്ള വില്പന നിശ്ചയിച്ചതെന്നും, മാർക്കറ്റിംഗ് ഇൻസെന്റീവിന് അർഹതയുള്ളതായി കണക്കാക്കിയ വില്പന, ഹാന്റ്ലൂം ഡവലപ്മെന്റ് കമ്മീഷണറുടെ മറ്റേതെങ്കിലും പദ്ധതിയിന്മേൽ ധനസഹായം ആവശ്യപ്പെട്ടതിനു കണക്കിലെടുത്തിട്ടില്ലെന്നും കാണിക്കുന്ന ഒരു സർട്ടിഫിക്കറ്റ് സംസ്ഥാന സർക്കാർ നൽകേതാണ്.
6. ക്ലെയിമുകൾ പരിഗണിക്കുന്ന സമയത്ത്, ആ വർഷത്തെ മുഴുവൻ ക്ലെയിമുകളും അതിൽ ഉൾപ്പെട്ടിട്ടുന്നെും, ഇത് ആ വർഷത്തെ സംബന്ധിച്ച് അന്തിമമാണെന്നും, അതേ വർഷത്തെ മറ്റൊരു ക്ലെയിമുകളും സംസ്ഥാനത്തെ ഏതെങ്കിലും കൈത്തറി സ്ഥാപനങ്ങളിൽ നിന്നും ഭാവിയിൽ ഉാവുകയില്ലെന്നും കാണിക്കുന്ന ഒരു സർട്ടിഫിക്കറ്റു കൂടി സംസ്ഥാന സർക്കാർ നൽകേതു്.

(

**ഡി) കൈത്തറി സ്ഥാപനങ്ങളെ ശക്തിപ്പെടുത്തൽ**

ദേശീയ - സംസ്ഥാനതല കൈത്തറി സ്ഥാപനങ്ങളെ സാമ്പത്തിക പുനർ നിർമ്മാണത്തിലൂടെ ലാഭകരമാക്കുകയും അവയുടെ വായ്പ ലഭ്യതയുടെ പരിധി/പ്രവർത്തന മൂലധനം വർദ്ധിപ്പിക്കുക എന്നതുൾപ്പെടുത്തുന്ന ധനസഹായ പദ്ധതിയാണിത്.

| ഘടകങ്ങൾ | നെയ്ത്തുകാർക്കുള്ള സാമ്പത്തിക സഹായം (ലക്ഷം രൂപയിൽ) | വിഹിതം കേന്ദ്ര സർക്കാർ: സംസ്ഥാന സർക്കാർ |
|---|---|---|
| • കൈത്തറി സ്ഥാപനങ്ങളെ ശക്തിപ്പെടുത്തൽ:- കൈത്തറി കോർപ്പറേഷനുകൾ, അപെക്സ് സഹകരണ സംഘങ്ങൾ, ദേശീയ കൈത്തറി സ്ഥാപനങ്ങൾ | പ്രൊപ്പോസൽ അനുസരിച്ച് | 50 : 50 |

- **കുറിപ്പ്:-**

ദേശീയ സംസ്ഥാനതല കൈത്തറി സ്ഥാപനങ്ങൾക്കു മാത്രമേ ഈ പദ്ധതി പ്രകാരമുള്ള ധന സഹായത്തിന് അർഹതയുണ്ടായിരിക്കുകയുള്ളൂ, ക്ലസ്റ്ററിന് അർഹതയുണ്ടായിരിക്കുകയില്ല. സംസ്ഥാനതല കൈത്തറി സ്ഥാപനങ്ങൾക്ക്, കൈത്തറി സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള ധനസഹായം സംസ്ഥാന സർക്കാർ മുഖേന ഇംപ്ലിമെന്റിംഗ് ഏജൻസിയ്ക്ക് നൽകുന്നു.

ഈ ഘടകം വഴിയുള്ള ധനസഹായം ലഭ്യമാക്കുന്നതിനായി ഈ സ്ഥാപനങ്ങൾ ആദ്യമായി അതിന്റെ മനുഷ്യശേഷി യുക്തി പൂർവ്വം വിനിയോഗിക്കുകയും പ്രവർത്തന നയങ്ങൾ അനുസ്യൂതമാക്കുകയും ചെയ്ത് ലാഭക്ഷമത വർദ്ധിപ്പിക്കേണ്ടതു്. വഴിത്തിരിവുണ്ടാക്കുന്ന തരത്തിലുള്ളതും ധനകാര്യ സ്ഥാപനങ്ങളെ ബന്ധപ്പെടുത്തിക്കൊണ്ടുള്ളതുമായ ഒരു പ്രോജക്ട് ബന്ധപ്പെട്ട ബാങ്കുമായും/ധനകാര്യസ്ഥാപനവുമായും അതുപോലെ സ്റ്റേറ്റ്ലെവൽ പ്രോജക്ട് കമ്മിറ്റിയുമായും പരിശോധിച്ച് ഉറപ്പിക്കേണ്ടതാണ്. പ്രോജക്ട് തയ്യാറാക്കേണ്ടത് കൈത്തറി ഡവലപ്മെന്റ് കമ്മീഷണറുടെ അംഗീകാരമുള്ള ഒരു സ്വതന്ത്ര മാനേജ്മെന്റ് കൺസൽറ്റൻസി സ്ഥാപനമാണ്. ലഭ്യമാക്കുന്ന ഫ് സ്ഥാപനത്തിന്റ വഴിത്തിരിവാക്കുന്നതിന് ആവശ്യമാണെന്നു കാണുകയും ഇതുവഴി ഈ സ്ഥാപനത്തിന് പ്രാഥമിക സംഘങ്ങളുടേയും സഹകരണ മേഖലയ്ക്ക് പുറത്തുള്ള നെയ്ത്തുകാരുടേയും വിപണന പ്രവർത്തനങ്ങളേയും സഹായിക്കുന്നതിനുതകുന്നതാണെന്നും ബന്ധപ്പെട്ട ബാങ്ക്/ ധനകാര്യ സ്ഥാപനം തത്വത്തിൽ അംഗീകരിക്കേണ്ടതാണ്.

സ്ഥാപനത്തിന്റെ ആവശ്യകതകളെ അടിസ്ഥാനമാക്കിയുള്ളതായിരി ക്കണം ഓരോ പ്രോജക്ടുകളും. ഭരണ പരമായ കെട്ടുപാടുകളെയും ജീവനക്കാരേയും കുറച്ചു കൊണ്ടു വരുന്നതിനുതകുന്നു എന്ന് ദൃശ്യമാകുന്ന തരത്തിലുള്ളതായിരിക്കണം പ്രോജക്ട്. ഏതെങ്കിലും തരത്തിലുള്ള ഭരണച്ചെലവുകൾ വഹിക്കുന്നതിനോ വാഹനങ്ങളോ കെട്ടിടങ്ങളോ മറ്റോ വാങ്ങുന്നതിനോ ഒരു തരത്തിലുള്ള സഹായവും ലഭിക്കുന്നതല്ല. പുനരുദ്ധാരണത്തിലുള്ള

പ്രോജക്ടുകൾ ഭരത സർക്കാരിന്റെ ടെക്സ്റ്റൽസ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ളതും, കൈത്തറി ഡവലപ്മെന്റ് കമ്മീഷണർ, ധനകാര്യമന്ത്രാലത്തിന്റെ പ്രതിനിധി, ബന്ധപ്പെട്ട സംസ്ഥാന സർക്കാർ, ഏജൻസി എന്നിവർ ഉൾപ്പെടുന്നതുമായ ഒരു കമ്മിറ്റി പരിശോധിച്ച് ഉറപ്പിക്കേതു്. അത്തരം പ്രോജക്ടുകൾകൾക്ക് 50:50 എന്ന നിരക്കിൽ കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും പുനരുദ്ധാരണത്തിനാവശ്യമുള്ള തുക വിത്തു ധനമായി സഹായം നൽകുന്നു.

## പാർട്ട് - ഡി

**(ഡി) പദ്ധതികളുടെ നവീനാശയങ്ങൾ, പ്രചരണം, ബോധനപരിപാലനം, മേൽനോട്ടം വഹിക്കൽ, പരിശീലനം, മൂല്യനിർണ്ണയം എന്നിവയ്ക്കുള്ള ധനസഹായം.**

**(ഡി1) നവീനാശയങ്ങൾ**

പദ്ധതിയ്ക്ക് അംഗീകാരം കിട്ടുമ്പോൾ ഉൾപ്പെടുത്തിയിരുന്നില്ലെങ്കിലും, നടത്തിപ്പു വേളയിൽ പദ്ധതിയുടെ 10% ഷ് നവീനാശയങ്ങൾക്കായി ഉപയോഗിക്കാവുന്നതാണ്.

**(ഡി2) പദ്ധതിയുടെ പ്രചരണം, ബോധനപരിപാലനം, മേൽ നോട്ടം വഹിക്കൽ പരിശീലനം.**

1. പദ്ധതിയിലുൾപ്പെടുത്തിയിരിക്കുന്ന തുകയുടെ 2% പ്രചരണം, ബോധന പരിപാലനം, മേൽനോട്ടം വഹിക്കൽ, കൈത്തറി ഡവലപ്മെന്റ് കമ്മീഷണറുടെ ഓഫീസിലേയും സംസ്ഥാന കൈത്തറി ഡയറക്ടറേറ്റിലേയും ജീവനക്കാരുടെ പരിശീലനം, പദ്ധതിയുടെ മൂല്യനിർണ്ണയം എന്നിവയ്ക്ക് ഉപയോഗിക്കാവുന്നതാണ്.

2. കൈത്തറി ഡവലപ്മെന്റ് കമ്മീഷണർ, ആവശ്യമെന്നു കാണുന്ന പക്ഷം സ്വതന്ത്ര മൂല്യ നിരണ്ണയ ഏജൻസികളുടെ സഹായത്തോടെ പദ്ധതിയുടെ നടത്തിപ്പ് നിരീക്ഷിക്കുന്നതാണ്. കാലാകാലങ്ങളിലുള്ള റിപ്പോർട്ട് നൽകൽ, സ്ഥല സന്ദർശനം, അവലോകനയോഗങ്ങൾ തുടങ്ങിയ സമ്പ്രദായങ്ങൾ ഇതിനായി നടത്തേതാണ്.

3. സംസ്ഥാന സർക്കാർ വഴി ഇംപ്ലിമെന്റിംഗ് ഏജൻസിക്ക് അനുവദിച്ച പദ്ധതികളുടെ നടപ്പിലാക്കലും നിരീക്ഷണവും നടത്തുന്നതിന് മൊത്തത്തിലുള്ള ചുമതല സംസ്ഥാന സർക്കാരിനായിരിക്കും.

4. വിനിയോഗ സർട്ടിഫിക്കറ്റുകളും ആഡിറ്റുചെയ്ത കണക്കുകളും സമർപ്പിക്കുന്നു ന്നെും അതുവഴി ഐ.എച്ച്.ഡി.എസ്-ന്റെ തുടർന്നുള്ള ഗഡുകളും ഈ ഓഫീസിൽ നിന്നുള്ള മറ്റു പദ്ധതികളുടെ തുകകളും ലഭ്യമാകുന്നുന്നെ് സംസ്ഥാന സർക്കാരുകൾ ഉറപ്പുവരുത്തേ താണ്.

5. പദ്ധതിയുടെ പൂർത്തീകരണ സർട്ടഫിക്കറ്റ്, പദ്ധതി വഴി നെയ്ത്തുകാർക്കുായ സാമൂഹിക-സാമ്പത്തിക നേട്ടങ്ങൾ മറ്റു ഗുണങ്ങൾ എന്നിവ വിശദീകരിക്കുന്ന മൂല്യനിർണ്ണയ റിപ്പോർട്ട് എന്നിവയും സംസ്ഥാന സർക്കാർ സമർപ്പിക്കേതാണ്.